
2009-10

# സാക്ഷ്യം



ക്രൈസ്റ്റ് കോളെജ്, ഇരിഞ്ഞാലക്കുട

2009-'10



സാക്ഷ്യം

Editor
**Fr.Dr. Jose Thekkan, CMI**

Design 'N' Layout
**GauthamKrishna, Pudukad**

Printing
**Bright Printers, Pudukad**

Cover
**A.K.Jayan**

### Statement about ownership

The openions expressed in this publication are those of the writers concerned and not necessarily those of the college. The Christ College 2009-'10 magazine of Christ College, Irinjalakuda, statement about ownership and other partikulars about 'Saakshyam' from iv (see rule -8)

| | |
|---|---|
| Place of Publication | Irinjalakuda |
| Periodicity of Publication | Annual |
| Publisher's Name | A.R.Davis |
| Nationality | Indian |

### Declaration

I, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

സാക്ഷ്യം

ക്രൈസ്റ്റ് കോളെജ്, ഇരിഞ്ഞാലക്കുട
2009 - '10

# ഉള്ളടക്കം


| | | |
|---|---|---|
| College Report 2009-10 | | 07 |
| ഇനിയൊരുനാൾ | രശ്മി.എം.ആർ. | 13 |
| ക്ഷമാപണം | അനഘ കെ. കലാനന്ദൻ | 14 |
| ആഗോളവത്കരണത്തിന്റെ വഴിയിൽ... | തസ്കീന..എ.എ. | 17 |
| പ്രണയത്തിനർത്ഥം | രമ്യത്ത്.എ.ആർ. | 20 |
| ചിത്രം | ബൈജു.എം.ആർ. | 21 |
| വായനയെക്കുറിച്ചൊരു വായന | തസ്കീന.എ.എ.(സമ്പാ.) | 22 |
| നിഴലറിയാതെ | ശ്രീകല.എം.ആർ. | 23 |
| ചരിത്രത്തിലേക്കു പറക്കുമ്പോൾ | സോന പി.എസ്. | 24 |
| മൂന്നു കവിതകൾ | കൃഷ്ണപ്രസാദ്.എ.ജെ. | 26 |
| തളിരിലകൾ കൊഴിയുമ്പോൾ | ശ്രീകല.എം.ആർ. | 28 |
| പണ്ഡിതന്റെ ശവസംസ്കാരം | | 30 |
| കണ്ണീർകലശം | നീതു പി. ആന്റോ | 31 |
| നൊമ്പരം | ജിനിൽ.ടി.എൻ. | 31 |
| ഉണ്ണിക്കിനാവ് | ബിസ്റ്റൻ.കെ.എസ്. | 32 |
| താജ്മഹൽ | ദീപക് സുധൻ | 34 |
| സ്നേഹപൂർവ്വം നിനക്കായ് | വിജിത്ത്കുമാർ.പി.വി. | 36 |
| അവളിലൂടെ | രേഷ്മ രാമചന്ദ്രൻ | 37 |
| ഒരു മഹാരഹസ്യം | | 38 |
| जादू की छड़ी | त्विषा वत्सन | 39 |
| ഒരു പ്രണയപ്പാട്ട് | ഉമേഷ് സി.യു. | 40 |
| തുലാവർഷം | നീതു സന്ദീപ് | 41 |
| Illution | Neethu P. Anto | 42 |
| മഴ | ലിയോൺസിയ റാഫേൽ | 43 |
| ആത്മസഖി | അപർണദേവി.എം.ആർ. | 43 |
| സുഹൃത്തേ, നിന്റെ ഓർമ്മയ്ക്കായ് | ശരണ്യ കെ.അശോകൻ | 44 |
| Two Poems | Sijesh George | 45 |
| പക്ഷേ, ആ സ്നേഹത്തിന്... | ജാസ്മിൻ.പി.ജെ. | 46 |
| സ്ത്രീകളും മാധ്യമവും | അഖില നന്ദകുമാർ | 48 |
| നാൾവഴിയിൽ എപ്പോഴോ എന്നെ... | രമ്യ ആർ. മേനോൻ | 52 |
| Dream | Dijo Paul | 53 |
| ഒരു രാഖിയുടെ ഓർമ്മയ്ക്ക് | രഹന.എം.എ | 54 |
| സ്വാതന്ത്ര്യവും മതേതരത്വവും | ബിസ്റ്റൻ.കെ.എസ്. | 57 |
| Globali... | Sijesh George | 59 |
| നക്ഷത്രത്തെ പ്രണയിച്ച മഴത്തുള്ളീ... | കിരൺ ബാബുരാജ് | 60 |
| വെറുതെ | ഷാനു.ഇ.ടി. | 61 |



# സാക്ഷ്യം

## ആമുഖക്കുറിപ്പ്

കുട്ടികളുടെ സർഗവാസനകൾക്ക് വെളിച്ചംനൽകുക, കോളെജിന്റെ നാൾവഴി രേഖപ്പെടുത്തുക എന്നിവയാണ് കോളെജ് മാഗസിന്റെ പ്രധാന ലക്ഷ്യങ്ങൾ. അത് ചരിത്രത്തിലേക്കുള്ള ഈടുവെപ്പുകൂടിയാണ്. കോളെജ് എപ്രകാരമാണ് ഓരോ കാലത്തും ചിന്തിച്ചത്, പ്രതികരിച്ചത് എന്നതിനെല്ലാമുള്ള സാക്ഷ്യമായി മാഗസിനുകളെ എടുക്കാവുന്നതാണ്. ഈ അർഥത്തിലാണ് മാഗസിന് സാക്ഷ്യമെന്ന പേര് നൽകിയിരിക്കുന്നത്.

തീർച്ചയായും ചില പരിമിതികൾ ഈ മാഗസിനുണ്ട്. കോളെജ് യൂണിയൻ ഇല്ലാതിരുന്ന വർഷത്തെ മാഗസിനാണിത്. യൂണിയൻ ഉണ്ടായിരുന്നെങ്കിൽ സാധിക്കുമായിരുന്ന ചില നന്മകൾ നഷ്ടപ്പെട്ടിട്ടുണ്ട്.

ശ്ലഥമായിക്കൊണ്ടിരിക്കുന്ന ലോകരാഷ്ട്രീയരംഗം, അരാഷ്ട്രീയവത്കരിക്കപ്പെടുന്ന മനസ്സുകൾ ഇതെല്ലാം കുട്ടികൾ തിരിച്ചറിയുന്നുണ്ട്. ഇതിനിടയിൽ ഊഷ്മളമായ വ്യക്തി-സാമൂഹ്യബന്ധങ്ങൾ അവർ കെട്ടിപ്പടുക്കുന്നുമുണ്ട്. ഇക്കാര്യങ്ങളിൽ ക്യാമ്പസ് ജാഗ്രതപുലർത്തുന്നു എന്നതിന് തെളിവായി ഈ മാഗസിനിലെ രചനകൾ എടുക്കാവുന്നതാണ്.

അതേസമയം, സാഹിത്യത്തിന്റെ ഉന്നതമൂല്യങ്ങൾ, നിലകൾ എത്തിപ്പിടിക്കുന്ന രചനകൾ വിരളമായേ ഉള്ളൂ. അത് കുട്ടികളുടെമാത്രം കുറ്റമല്ല, കുറവല്ല. മാറിയ കേരളീയ സാഹചര്യവും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും ലോകബോധത്തിൽത്തന്നെയും വന്ന മാറ്റവും അത്തരമൊരു നിലവാരക്കുറവിനു കാരണങ്ങളാണ്. ഈ അവസ്ഥകൾ നിലനിൽക്കെ ഇതെങ്കിലും, ഇങ്ങനെയെങ്കിലുമുള്ള പ്രതികരണശേഷി അവർ പുലർത്തുന്നല്ലോ എന്നത് ആശാവഹമാണ്. തീർച്ചയായും ഇതിലെ ഓരോ വരിയും വായിക്കേണ്ടത് മേൽപ്പറഞ്ഞ ഭൗതികസാഹചര്യങ്ങളെ ഓർത്തുകൊണ്ടുവേണം. ഇത് ഈ മാഗസിന്റെ മാത്രം സാഹചര്യമല്ലെന്നും ഈ കാലഘട്ടത്തിന്റെ തന്നെ സാഹചര്യമാണെന്നുവേണം മനസ്സിലാക്കാൻ.

മാഗസിന്റെ മുഖച്ചിത്രം ശ്രീ. എ.കെ.ജയന്റെ ശില്പമാണ്. അദ്ദേഹത്തിനു നന്ദി. മാഗസിനുവേണ്ട ചിത്രങ്ങളും ഫോട്ടോകളും ഇവിടത്തെ വിദ്യാർഥികളായ സിഖിൽദാസ്, സൂരജ്, വിഷ്ണു എന്നിവരാണ് തയ്യാറാക്കിയത്. അവരോട് ഞാൻ നന്ദി പറയുന്നു. മാഗസിന്റെ മിക്കവാറും എല്ലാ കാര്യങ്ങളിലും എന്നോടു സഹകരിച്ച മലയാളവിഭാഗത്തിലെ അധ്യാപകൻ ശ്രീ. സി.വി.സുധീറിനോടുള്ള സ്നേഹവും നന്ദിയും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.

ഇനി, ഈ മാഗസിൻ പൂർത്തിയാക്കേണ്ടത് നിങ്ങളാണ്. വായനയിലൂടെ, വ്യാഖ്യാനത്തിലൂടെ. തുടർചർച്ചയിലൂടെ... അതിനായ് ഞാൻ നിങ്ങളെ സാദരം ക്ഷണിക്കുന്നു.

സ്നേഹത്തോടെ,
ഫാ. ഡോ. ജോസ് തെക്കൻ,
പ്രിൻസിപ്പൽ





# COLLEGE REPORT 2009-2010

Distinguished guests, respected teaching and non teaching staff members and my dear students,

When I present this third report before you I am happy to announce that what we aimed at two years back are partially achieved, especially in the field of student amenities and quality enhancement projects. However I know we should continue our strenuous efforts to regain the lost glory of our college and to glitter at the top.

**I. Academic achievements**

The greatest achievement of this year is none other than the reaccreditation of our college by NAAC with 'A' grade. Positively speaking, we can be proud that our institution has been acknowledged as one with quality; but quality is not an accident, it has to be achieved by continuous hard work and sustained efforts, which somehow should burden us with the added responsibility of maintaining the existing standards all through the coming responsibility. Congratulations all the stake holders, especially Dr. K.V Baby who pioneered all the works.

**New Staff members**

Rev. Fr. Jolly Andrews CMI- Phy.; Smt Vineetha E- Sanskrit; Miss Tintumol Sunny & Miss Seena V- Maths; Mr P.A. Varghese & Sr Ligy V.K.CHF- Com; Sr. Rosy V.O. FCC & Mr. Jagan Sebastian- Eco; Mr Shinil Kuriakose- BPE.

The following staff members went on leave for completing their Ph D under FIP. They are K.Y Shaju, Sudheer Sebastian and Pius Joseph from Physics, Tessy Paul P from Botany and V.A Thomas from BPE.

**Academic achievements by Staff**

Our staff member A J Thankachan has been awarded the Ph.D degree by Calicut University. Congratulations!

Dr. K T Thomas of History Dept was honoured with the Dr. M.M.Ghani award for the best teacher for the year 2008-09 and Dr. A. V George of Geology and Env. Science was presented "St Berchman's award" by St Berchman's college Changanassery for the best teacher in Kerala. These two teachers have brought glory to our college by winning these prestigious awards. Congratulations!

The following teachers have research publications to their credit:

1. Tessy Paul P- Journal of Economic and Taxonomic Botany
2. Dr. C.O Joshy- Journal of Zoological Society of Kerala
3. Dr. K.T. Thomas- Journal-Heritage of

Cochin and the second one in the Proceedings of 69th session of Indian History Congress.

4. Dr. K Chandran- Annual Proceedings of South Indian History Congress
5. Dr. S Sreekumar- a)Jl of Geo. Soc. Of India. b) Quarterly International Journal of Pollution Research c) Indian Journal of Forestry d) Proceedings of National Seminar on Disaster Management. He also published a book- Natural disasters and Management.

Paper presentation shows that a teacher is still in the field of active research and study. Following teachers have paper presentations to their credit:

1. Sudheer Sebastian- International Seminar held at Max Plank Institute Germany.
2. Dr. V. P. Joseph- National Seminar at Prajyothi Niketan College, Pudukkad and National Work Shop held at St Thomas College, Pala.
3. Dr. K.J Varghese- International Conference of English Teachers held at Chennai and another one held at Anand, Gujarath.
4. Dr. K Chandran- Annual Session of South Indaian History Congress
5. Dr C.O Josahy- National Seminar held at Elthuruth
6. Mrs Tessy Paul P- Kerala Science Congress held at Peechi
7. Dr B.P Aravinda- National Seminars at Pondicherry uty, Annamalai Uty,
8. Dr R.V Rajan- Kerala Science Congress held at Peechi.

   Besides these many of our teachers have attended the National Seminars at various areas and places.
9. Dr. K.V Baby- Class on NAAC Acreditation process in SN College Nattika and MES College Maramplilly.

Also, many of our teachers were resource persons for many seminars and workshops-

Dr S Sreekumar was the R.person for several OC and RC.

Dr. T Vivekanandan was the coach of Calicut University Volleyball team for the South Zone inter Uty matches held at Cannannore.

Congratulations to all of them.

This year Dr Balu T Kuzhivelil was Sanctioned a major project of plan outlay of Rs.18lakhs. Congrats and best wishes.

The following staff members attended the Refresher courses/Orientation Course as a requirement for their career advancement. 1. Dr. E. M. Thomas 2. Dr. V. P. Joseph. 3. Fr. P.T. Joy CMI 4. Ms. Vineetha E and Mr T.P Varghese, the Librararian.

For all the achievements of our staff members, I sincerely congratulate them and wish all a still more successful year.

**Academic performances of our students**

This year in the UG level we have five ranks. In Geology, 2 ranks- Neetha Raj- I Rank & Ragi Nair III Rank respectively. In Chemistry, Nimmy A. B secured the II Rank; in Functional English, Gigi V.C won the II Rank and in Commerce Devi P stood II in the University. Hearty Congratulations!

The pass % are the following: Maths- 65.78-82.05; Physics- 88.57-83.33; Chem.-82.05-92.1; Zoology- 93.33-88.23 ; Geology- 80-58.33 ; Functional Eng.- 100-100 ; Economics 84-88.23 ; B.Com (Aided)-80.7- 86.79 ; B.Com (SF)-71.79-64.1; BPE- 75.86-65.21.

In the PG level also, we have 5 ranks this year. The rank holders are: Env. Science- Abdul Jabbar A.C, Linta K.B and Ajitha V - I rank, II rank & -III rank

respectively. In Zoology, Sabitha A.H won the 3rd rank in C Uty. Also, Subha A.A bagged the third rank in M.A History. Congratulations to the rank winners.

The % of pass are: Phy- 72.72-90.1- 1 Distinction and 7 I class ; Chem: 83.33-100-4D and 6 I; Zoology-100-90.91- 10D and 2 I; Env. Science- 72.72-45.45- 8 I; M.Com-93.75-82.35 (1D+14I); M.A. Eco.-56.25-84.34 (8 I ); M.A History-92.31-87.5 (4I + 8 II ).

Mr V. V Binoy, the full time research scholar under the supervision of Dr John Thomas K, Dept of Zoology, was awarded the Ph.D from Calicut Uty. Congrats to Dr. Binoy & Dr. John Thomas.

**II. Departmental activities**

Our PG Dept of Economics concluded its golden jubilee on 31 Dec2009. The jubilee year was marked with seminars by different dignitaries. The valedictory session was held on 31st dec2009 with a lecture by Dr. K. P.Mani – Performance of Kerala's agriculture- Impact of ASEAN treatment.

The Dept of Physics, a part of their jubilee celebrations, organized several seminars, workshops, presentation contest, Quiz competition etc. Also they arranged a seminar on the newly introduced Choice Based Course Credit Semester system.

The following programmes were also conducted in various departments for the enrichment of our students.

Chemistry Dept- Fr Jose Stephan End. Lectures, Classes on manufacture of soaps, detergents, cleaning lotions etc.

Zoology-Fr Isaac End. Lecture, workshop for plus two and high school teachers etc. Malayalam Dept- Seminar on Language, Literature and Art, Kavyolsavam. Commerce-Lecture on Online trading, Practical Accounting etc. Geology Dept organizes an Inter National Seminar on Nano Technology next week. Congratulations to all of you for your extension activities.

**III. Achievements of our students**

Students who have won inter collegiate quiz competitions on several occasions at several venues: Narayanan P.A, Greeshma Madhavan, Greeshma Ashokan & Sudin Kumar of III Maths; Ajax Jose & Gimi K G of II maths; Suhair N S & Nirmal M.S of III Physics and Sreedevi Chakiar of II Physics, Jesna K.A & Manju Mahipalan of III BCom.

Essay Competition- Bistan K.S,of I F.Eng and Raichel P John I Phy. English Elocution competition- Nevin Jose V of II Degree F.English. Elocution Competition-Biston K.S I F.Eng. Zuhair N.S.of III Phy. Won II prize in the All Kerala Essay cum Presentation contest.

**D-Zone Arts Festival**

Congrats to our artists who brought glory to our college through their success at D-Zone stage.Actually we were I in stage items and we lost overall title only by 3 points. One thing to be noted is that our students stood I or II or III in almost all the Group items which is a manifestation of the collective work and the able coordination between them. Special mention to Dr.B.P Aravinda, Staff coordinator for fine arts and Leo Paul, the fine arts coordinator

I am happy that our artists achieved a rare feet of securing the II position even though we were far behind in off stage items.

Our six NSS volunteers in the National Integration Camp held at Gwalior- Ajay U Menon I BCom, Rels K Ropson III BCom, Sivraj Chandran, Subhash T.J., Joffin P.J., Freddy John-all from III Eco were acclaimed at the National level for their wonderful presentation of patriotic songs. Congrats to our NSS artistes.

**Sports and Games**

This year we have lesser number of titles at the inter zone level- We are winners only in Gymnastics. In men's hockey, cycling, Volleyball(men), boxing we were Runners up, in basket ball, soft ball (women), Weight lifting we were 3rd in Uty. In all other items we fared well, but were not enough to clinch the title. Congrats to all the winners and the coaches.

Under the auspices of various clubs and cells, there were a number of activities and classes for the benefit of the students. I thankfully remember the services of Film Club, Women Cell, Enviro Club, tourism club, quiz club, E&D club, Malayala Paddana vedi etc which organized various programmes.

The NSS had a number of novel programmes this year. Under the guidance of Dr EM Thomas, P.A Varghese and Mrs Vineetha E the NSS volunteers were involved in programmes like Anti drug campaign, Student policing, NSS Orchestra, NSS helpline, in addition to their usual programes of work and national service schemes. NSS orchestra won I prize in patriotic song orchestra. Congrats to program officers.

NCC units also organized their usual programmes. 45 of our cadets participated in the Combined Annual Training Camp held at Ramavarmapuram. 62 cadets participated in the one day trekking to Marottichal forest. 3 of our cadets- Renjith Paul, Chindu M & Raheela P.A. participated in the National Integration Camp held at Godhra, Gujarath.

Jerin Antony attended the Advanced Leadership camp held at Karamseth, Gujarat. Pranav T.P participated in the RD parade at New Delhi, representing the Kerala&LD contingent. Congrats to Dr Jacob George and the cadets selected for special functions and camps.

True to their charism, the CSA members were also actively involved in value inculcation programmes. Their new venture with a social face, i.e., santhwana sparsam shows their commitment to the uplift of the poor and the marginalised. Congrats to Fr Jolly Andrews for his able guidance of CSA.

The services of the PTA in the development of the college are worth mentioning. The present functionaries under the leadership of Prof. K.J Joseph were always in the forefront in all the programes assigned to them.

Our strength and support come from our alumni. Prof T.I Johnson organized the activities very well and is planning for more programmes which will help us to keep a touch with our alumni always.

We were happy to extend our infrastructure and facilities for the Medical camp organized by ISRDO, the 18th state level Camopri of the Scouts and Guides and also to the public reception accorded to our great alumnus Dr K Radhakrishnan, the ISRO chairman.

Regarding the programmes that we started last year for equipping our students for better options, as you know they are still on- the coaching for Civil services, CA foundation Course, Bank Tests, Language skills etc.There were several extension lectures, panel discussions on relevant issues, quiz competitions. I agree, we didn't have as much programmes as last year, since we had no an elected College Union. I hope we can do more next year with more planning and execution.

My dear staff and students, this year was a year of renovation, modification, beautification and reconstruction for the



NAAC visit- sorry not for the NAAC visit, but for the betterment of our college. You yourself can feel and notice what all changes we have made during the past one year. We have to do a lot more. We are in that process. Of course with all your generous help. What we did was acknowledged by the NAAC peer team members, which is evident from the grade we were awarded with. I am sure, if we march ahead with firm determination and far sighted vision and planning, we can lead our college to still better positions.

Let me wind up this report with a note of gratitude. I thank almighty God for he has done great things for me. Then, it is to you my dear staff members- it is to you my dear students I thank sincerely. Whatever we have achieved, is through the combined and collective effort of you, the staff and students. Let us stand united for a better future of our college. I had support from the management, the college council, staff adviser Dr. V. D John Sir, Discipline Com. Chairman Dr. C. J Unni sir, Examination Chiefs, E.J Vincent & K.J Babu, office Supt. V.D Varghese and each and every one of the staff. Let there be constructive criticism, affectionate correction and cooperative encouragement. Then we will march ahead, with pride in what we are, to achieve what we have not and to elevate our college to the level of a Uty where academic pursuit will be the sole agenda.

With a heart, full of thanks to God almighty, whose only son Christ Jesus is the patron of this college, I submit this report before you.

Thank You

Irinjalakuda — Fr. Dr. Jose Thekkan CMI
05-02-2010 — **Principal**





രശ്മി എം.ആർ

രണ്ടാം സെമസ്റ്റർ, എം.എ.ഇക്കണോമിക്സ്

# ഇനിയൊരുനാൾ



ഓർമ്മകൾ വാടിക്കൊഴിഞ്ഞൊരീ വീഥിയിൽ
ഒറ്റയ്ക്കു ഞാനന്നു നിന്നനേരം
ഒന്നല്ല രണ്ടല്ല മൂന്നല്ലൊരായിരം
മാത്രകൾ മുന്നിലൂടൊഴുകിടുന്നു.
കണ്ടുഞാൻ പുലരികളിൽ സന്ധ്യകളിൽ രാവുകളിൽ
വിളങ്ങും നിറക്കൂട്ടുകൾ
കലപിലകൾ നിറയുമാപ്പകലുകളിലെല്ലാം
മുഴങ്ങുന്നു ചിരികളും കുസൃതികളും.
ഒരുമിച്ചു തോൾച്ചേർന്നിരുന്നൊരാ പടവുകളി-
ലിന്നിതാ കാലത്തിൻ ചിതൽപ്പാടുകൾ
കൈകോർത്തു പിന്നിട്ട വഴികളോരോന്നിലും
ഇന്നിതാ നേർത്ത ചിലമ്പൊലികൾ.
മിഴികളിൽ പ്രണയത്തിൻ തിരിയുമായ് ആ മര-
ച്ചോട്ടിൽ നിന്നാരെയോ നോക്കിടുമ്പോൾ
അരികിൽ വന്നെന്റെ തുടികൊട്ടും ഹൃദയത്തെ
കാണാതെ യാത്ര പറഞ്ഞനേരം
പിൻവിളികൊണ്ടാ മുഖമൊന്നു കാണുവാൻ
വയ്യാതെ നാവു കുഴഞ്ഞനേരം
ദൂരെ മറയുംവരെയുമാരൂപത്തെ
നോക്കി മിഴി കൂമ്പാതെ നിന്നനേരം
എല്ലാമിന്നോരോന്നായ് ഓർത്തു ഞാനീവഴി
ഒറ്റയ്ക്കു പിന്നിട്ടു പോയിടുമ്പോൾ
കാറ്റും കിളികളും ഇലകളും പറയുന്നു
"അങ്ങനെ നീയുമിന്നൊറ്റയായി"

വര. സിബിൻ ദാസ്

സാക്ഷ്യം

**അനഘ. കെ. കലാനന്ദൻ**

രണ്ടാം സെമസ്റ്റർ എം.എസ്.സി

എൻവയോൺമെന്റൽ സയൻസ്

# ക്ഷമാപണം

എറണാകുളം പാസഞ്ചറിന്റെ ചൂളം വിളികേട്ടുകൊണ്ടാണ് ഞാൻ ഓടിക്കിതച്ച് റെയിൽവേ സ്റ്റേഷനിൽ എത്തിയത്. നേരത്തെ സ്ക്കൂളിൽ ചെല്ലേണ്ട ദിവസമാണ്. ക്ലാസ്പരീക്ഷ വച്ചിരിക്കുന്നത് ആദ്യത്തെ പിരീഡിൽതന്നെയാണ്. ഈ ട്രെയിൻ കിട്ടിയില്ലെങ്കിൽ നേരം വൈകിയതുതന്നെ. ഞാൻ ബാഗുകൾ തോളിലേറ്റി ട്രെയിനിൽ ഓടിക്കയറി. അച്ഛൻ നേരത്തെ ടിക്കറ്റ് എടുത്തു വച്ചിരുന്നതിനാൽ അതിനായി സമയം പോയില്ല. ജനറൽ കംപാർട്ട്മെന്റാണ്. കുറച്ചു മുന്നിലേക്ക് നടന്നു. എന്നെ കാത്ത് അവിടെ ഒരു സീറ്റ് ഒഴിഞ്ഞ് കിടക്കുന്നുണ്ടായിരുന്നു. ഞാൻ അവിടെ ഇരിപ്പുറപ്പിച്ചു. ലഗേജുകളെല്ലാം ബർത്തിന് മുകളിൽ അടുക്കി വച്ചു. ഓടിക്കിതച്ചു വന്നിട്ടാണെന്നു തോന്നുന്നു വല്ലാത്ത ഉഷ്ണം. ഞാൻ സാരിത്തലപ്പുകൊണ്ട് മുഖമൊപ്പി. ട്രെയിൻ നീങ്ങിത്തുടങ്ങി. എല്ലാവരും വർത്തമാനത്തിലാണ്. ചിലർക്കെങ്കിലും ഞായറാഴ്ച കഴിഞ്ഞതിന്റെ വിഷമമാണ് പലരും ഇനി അടുത്ത വെള്ളിയാഴ്ചയിലേ തിരിച്ചു വീട്ടിലേക്കു പോകൂ; ഞാനും...

എന്റെ എതിർവശത്തെ സീററിൽ ഒരു ആൺകുട്ടിയും പെൺകുട്ടിയും ഇരുന്നു വർത്തമാനം പറയുന്നു. അവർ ഈ ലോകത്തിലുള്ളതൊന്നും അറിയുന്നേയില്ല. അവർ പരസ്പരം തങ്ങളുടെ ഉത്കണ്ഠകൾ പങ്കുവയ്ക്കുകയായിരുന്നു. ചില വർത്തമാനശകലങ്ങൾ കേട്ട് ഞാനും അറിയാതെ ചിരിച്ചുപോയി. ആൺകുട്ടിയുടെ കണ്ണുകളും, അവന്റെ ചേഷ്ടകളും എന്നിൽ നിന്റെ ഓർമ്മകൾ ഉണർത്തി.

സത്യത്തിൽ നീ എനിക്കാരായിരുന്നു? അറിയില്ല എങ്കിലും നിന്നെ ഞാൻ സുഹൃത്ത് എന്ന് വിളിച്ചോട്ടെ?... ഏയ് സുഹൃത്തേ... നിന്നെത്തന്നെയാണ് ഞാൻ വിളിച്ചത്. നിന്നെ ഞാൻ ആദ്യമായി കണ്ടത് ക്യാമ്പസ്സിന്റെ ഇടനാഴികയിൽ അഡ്മിഷനായി കാത്തുനിൽക്കുമ്പോഴായിരുന്നു. ഇരുനിറത്തിൽ നെറ്റിയിലൊരു ചന്ദനക്കുറിയും കൂട്ടിനൊരു കണ്ണടയും. സാധാരണ വേഷം കാഴ്ചയിൽ ഒരു പ്രത്യേകതയും ഇല്ലാത്ത ഒരു കുട്ടി. പിന്നെ എനിക്ക് നിന്നോട് എങ്ങനെയാണ് ഇത്ര ആത്മബന്ധം ഉണ്ടായത്?... അറിയില്ല.

പലപ്പോഴും നമ്മൾ ഒരിക്കലും പ്രതീക്ഷിക്കാത്ത ആളുകളായിരിക്കും നമ്മെ ഏറ്റവുമധികം സ്വാധീനിക്കുക. ഒരു പക്ഷേ എനിക്കു മാത്രമായിരിക്കും ഇങ്ങനെ ഒരു ആത്മബന്ധം തോന്നിയിട്ടുണ്ടാവുക.

പിന്നീട് നിന്നെ എന്റെ ക്ലാസ്സിൽ കണ്ടപ്പോഴും ഞാൻ ഒരിക്കലും പ്രതീക്ഷി ച്ചിരുന്നില്ല.... നീ എപ്പോഴും സന്തോഷവാനായിരുന്നോ?... അറിയില്ല. ഞാൻ എപ്പോഴും എല്ലാവരിൽനിന്നും ഒതുങ്ങിമാറി നടക്കുന്ന ഒരു പ്രകൃതക്കാരിയായിരുന്നു. പ്രകൃതിയെയും കവിതയെയും പ്രണയിച്ചു നടന്നവൾ. പലപ്പോഴും എന്റേതുമാത്രമായ ഒരു ലോകത്തിൽ ഞാൻ സഞ്ചരിച്ചിരുന്നു. നീ അതെല്ലാം ശ്രദ്ധിച്ചിരുന്നോ?.. എനിക്കറി


യില്ല. നീ എപ്പോഴും എന്നോട് സൗഹൃദത്തിന്റെ ഹസ്തങ്ങൾ നീട്ടിയിരുന്നു. വളരെ വേഗത്തിലുള്ള നിന്റെ സംഭാഷണവും, തുറന്ന മനസ്സും നിഷ്കളങ്കതയും ഞാൻ എപ്പോഴും ഇഷ്ടപ്പെട്ടിരുന്നു. പതിയെ എന്റെ മനസ്സിന്റെ ഏകാന്തതയിൽനിന്ന് നീ എന്നെ വലിച്ചുകൊണ്ടുപോകുന്നതുപോലെ തോന്നി. ഞാൻ വളരെ കഷ്ടപ്പെട്ട് അത് തടയാനായി ശ്രമിച്ചിരുന്നു. അതിനാൽ ഞാൻ നിന്നിൽനിന്ന് അകലാൻ ശ്രമിച്ചു. എന്നാൽ പതുക്കെ എനിക്ക് തോൽവി സമ്മതിക്കേണ്ടിവന്നു. നീ വിജയിച്ചു.

ഏകയായിരിക്കാനാണ് ഇഷ്ടമെങ്കിലും ഞാൻ എല്ലാവരുമായി സംസാരിക്കാൻ ശ്രമിച്ചിരുന്നു. പലപ്പോഴും അത് പരാജയമായി പരിണമിച്ചിരുന്നു. നീ എന്നെ മനസ്സിലാക്കിയിരുന്നു എന്ന് തോന്നുന്നു. എന്നാലും അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്ന് ഞാൻ ആശിച്ചിരുന്നു.

പിന്നീടെപ്പോഴോ ഞാൻ നിന്നെ ഇഷ്ടപ്പെടാൻ തുടങ്ങി. നിന്നെക്കുറിച്ച് കൂടുതലറിയാൻ ശ്രമിച്ചു. സ്നേഹത്തിനായി ഒരുപാട് ദാഹിക്കുന്നവനാണ് നീ എന്ന് എനിക്ക് തോന്നി. ഒരുപാട് കൂട്ടുകാരെ ഇഷ്ടപ്പെടുന്നവൻ, വേഷഭൂഷാധികളിൽ തനി ഗ്രാമീണത കാത്തു സൂക്ഷിക്കാനിഷ്ടപ്പെട്ടിരുന്നുവെങ്കിലും ചിന്തകളിൽ പുതുമ കാത്തുസൂക്ഷിക്കുന്നവൻ. പഠിപ്പിൽ വലിയ ഒരു മിടുക്കനായിരുന്നില്ല നീ എങ്കിലും നിന്റെ ചുറുചുറുക്ക് അദ്ധ്യാപകരെ ആകർഷിച്ചിരുന്നു.

പതിയെ നീ അറിയാതെ തന്നെ നിന്റെ സങ്കടങ്ങളും സന്തോഷങ്ങളും എന്റേതായി. പക്ഷേ അപ്പോഴേക്കും ജീവിതപാതയിലുള്ള പരീക്ഷണങ്ങൾ നിന്നെ തിരക്കിൽ മുക്കിക്കളഞ്ഞു എന്നെനിക്ക് തോന്നുന്നു. പലപ്പോഴും നീ അത് അടച്ചുപിടിക്കാൻ ശ്രമിച്ചിരുന്നെങ്കിലും നിന്റെ പ്രസന്നമായ മുഖം മ്ലാനമാകുന്നത് കാണാമായിരുന്നു.

എനിക്ക് നിന്നെ ആശ്വസിപ്പിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു. എന്തുകൊണ്ടോ ഞാൻ അപ്രകാരം ചെയ്തില്ല. ഒരു പക്ഷേ നിനക്കറിയില്ലായിരിക്കാം ഞാൻ നിന്നെ എത്രമാത്രം സ്നേഹിച്ചിരുന്നെന്ന്. പലപ്പോഴും എന്റേതുമാത്രമായ ചിന്താസരണിയിലേക്ക് നീ കടന്നു വരിക ഒരു പതിവായി. അവിടെ വച്ച് ഈ ലോകത്തിലെ ഏറ്റവും വിസ്തൃതമായ ഏകാന്തതയിൽ വച്ച് നിന്നോട് മനസ്സുതുറന്ന് സംസാരി



വര: സൂരജ്

ക്കുമായിരുന്നു. ഒരുപാട് കാര്യങ്ങൾ. വീടിനടുത്തെ കാവിലെ ഇലഞ്ഞിമരം എല്ലാത്തിനും സാക്ഷിയായി നിന്നു. ഇലഞ്ഞിപ്പൂക്കൾ നിറയെ വീണുകിടക്കുന്ന ആ മരത്തണലായിരുന്നു എന്റെ സങ്കേതം. പലപ്പോഴും നിന്നെ ഞാനാമരത്തിൽ കണ്ടു. നിന്നോട് സംസാരിച്ചു. എന്റെ ദുഃഖങ്ങൾ, എന്റെ ആഗ്രഹങ്ങൾ, എന്റെ പ്രതീക്ഷകൾ, ഉത്കണ്ഠകൾ എല്ലാം. നീ അതിനെല്ലാം മൗനമായി ഉത്തരം പറയുന്നതായി എനിക്ക് തോന്നി.

"നീ കേൾക്കുന്നുണ്ടോ സുഹൃത്തേ?" ഞാൻ ഇടയ്ക്ക് ഉറക്കെ ചോദിച്ചത് കാവിലെ തിരിവെയ്ക്കാൻ വന്ന ഓപ്പോൾ കേട്ടെന്ന് തോന്നുന്നു. "എന്താ കുട്ടീ, ആര്ടെ അട്ത്താ സംസാരിക്കുന്നേ?'' എന്ന ചോദ്യം പിന്നിൽനിന്ന് കേട്ടപ്പോഴാണ് സന്ധ്യമയങ്ങിയെന്ന് ഞാൻ മനസ്സിലാക്കിയതും അന്നത്തെ സംഭാഷണത്തിന് തിരശ്ശീല വീണതും.

എന്നാൽ ക്ലാസ്സിൽ വരുമ്പോൾ ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിരുന്നു. ഞാൻ കാവിൽ വച്ച് പറഞ്ഞ കാര്യങ്ങൾ പലതും നീ തിരിച്ചു എന്നോട് സൂചിപ്പിക്കുമായിരുന്നു. നിശ്ബ്ദതയാണ് നമ്മെ തമ്മിൽ ബന്ധിപ്പിച്ചിരുന്നത് എന്ന് വേണം കരുതാൻ. ഒന്നും സംസാരിച്ചില്ലെങ്കിലും പരസ്പരം അറിഞ്ഞിരുന്നു.

എന്നിട്ടും എന്താണ് നിന്റെ കൺപീലികളിൽ നനവ് പടരുന്നത്. അറിഞ്ഞിട്ടും ഞാൻ നിന്നെ ആശ്വസിപ്പിക്കാത്തത്? ഒരുപക്ഷേ നീ പ്രതീക്ഷിച്ചിരിക്കാം. ഞാൻ നിന്നെ ആശ്വസിപ്പിക്കുമെന്ന്. നിന്റെ അടുത്തു വരുമെന്നും നിന്റെ കൺപീലികളിലെ നനവ് എന്റേതാക്കുമെന്നുമെല്ലാം... പലപ്പോഴും നീ എന്നോട് എന്തോ പറയാൻ തുടങ്ങുന്നത് പോലെ തോന്നിയിരുന്നു. പക്ഷേ നീ അത് പറഞ്ഞില്ല. മനപ്പൂർവ്വമല്ലെങ്കിലും ഞാനും നിന്നെ മനസ്സിലാക്കാൻ ശ്രമിച്ചില്ല.

എന്റെ മനോലോകത്തിൽ എന്നോടൊപ്പം കൈപിടിച്ച് നടന്നിരുന്ന നീ ഒരിക്കൽ എന്റെ കൈവിടുവിച്ച് ഇരുട്ടിലേക്ക് ഓടിമറയുന്നതായി ഞാൻ മനസ്സിലാക്കിയപ്പോഴേക്കും നേരം വൈകിപ്പോയിരുന്നു. അത് എനിക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഹൃദയം തകരുന്നതുപോലെ തോന്നി. ഞാൻ അലറിക്കരഞ്ഞു.

മുന്നിലെ കാഴ്ചകൾക്ക് നിറം മങ്ങുന്നത് പോലെ ഓർമ്മവരുമ്പോൾ വെളുപ്പ് പുതച്ച് പ്രതിഷേധം രേഖപ്പെടുത്തുന്ന നിന്നെയാണ് കണ്ടത്.

ഓർമ്മകളുടെ കയങ്ങളിലേക്ക് വഴുതി വീണുകൊണ്ടിരുന്ന എന്റെ മനസ്സിനെ വീണ്ടും തിരിച്ചുകൊണ്ടുവരുവാൻ കാലങ്ങൾ വേണ്ടിവന്നു..........

"ചായ, ചായ'' കാതുകളെ തുളച്ചു കയറിയ ശബ്ദം എന്നെ വർത്തമാനകാലത്തേക്ക് തിരിച്ചുകൊണ്ടുവന്നു. ട്രെയിനിൽ ആകെ വലിയ തിക്കും തിരക്കും. ആലുവ സ്റ്റേഷൻ എത്തിയിരിക്കുന്നു. ആളുകളുടെ ശബ്ദകോലാഹലങ്ങൾ ചെവിക്ക് അരോചകമായി തോന്നുന്നു. നാളെ ശിവരാത്രിയാണല്ലോ. ബന്ധുവീട്ടിൽ തങ്ങാൻ വരുന്നവരായിരിക്കും. തന്റെ പ്രിയപ്പെട്ടവർക്കായി ഒരു ഉരുള കൊടുക്കാൻ വെമ്പൽ കൊള്ളുന്നവർ. സഹയാത്രികരെല്ലാം ഇറങ്ങിപ്പോയിരിക്കുന്നു. ആ കുട്ടികൾ? അവരും ഇറങ്ങിപ്പോയിരുന്നു. സീറ്റിൽ ഞാൻ ഏകയായി.

ട്രെയിനിന് വീണ്ടും അനക്കം വച്ചു തുടങ്ങിയിരിക്കുന്നു. ഒരു പാട് നേരം ഓടിത്തളർന്ന വൃദ്ധനായ ഒരു നായയെപോലെ അത് എന്നേയുംകൊണ്ട് നഗരത്തിന്റെ ഇരുളിലേക്ക് ഞരങ്ങിനീങ്ങികൊണ്ടിരുന്നു. ആലുവ സ്റ്റേഷൻ എന്നിൽനിന്ന് അകന്നുപോയിക്കൊണ്ടിരുന്നു. മനസ്സിൽ നിനക്കായ് ഒരു ഉരുള, കണ്ണീരാൽ തർപ്പണം ക്ഷമിക്കുക എന്റെ സുഹൃത്തേ... ക്ഷമിക്കുക. എന്റെ പ്രിയനേ... ക്ഷമിക്കുക.



Our Principal
**Rev. Fr Dr Jose Thekkan CMI**




Our Manager
**Rev. Fr. Jose Stephen Menachery CMI**



ബി.എസ്സി. സുവോളജി 2007-2010



ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ് 2007-2010



ബി.എസ്സി. കെമിസ്ട്രി 2007-2010





എൻ.എസ്.എസ്. ഓർക്കസ്ട്ര



ഫുഡ്ബോൾ ചാമ്പ്യന്മാർ, കോവൈ



പി.ടി.എ. 2009-2010



**Albin C. T.**
University Foot ball
Team Member




**Pranav.T.P**
II[nd] BSc Physics
Represented Kerala
&Lakshdweep directrate in RD
Camp at Delhi as a NCC Cadet



**Mithun Jacob**
University Foot ball
Team Member



Dr. A.V.George
St. Berchman's Award
Best teacher in Kerala



**Kiran Baburaj**
Inter collegiate Body Building
70 Kg. 2nd Place



Bursar
Fr. Anil Konkoth




Dr. K.T.Thomas
Dr.MM.Ghani Award
Best teacher of the
year 2008'09

**തസ്കീന.എ.എ.**

രണ്ടാം സെമസ്റ്റർ,

ബി.എസ്സി. ഭൗതികശാസ്ത്രം



# ആഗോളവൽക്കരണത്തിന്റെ വഴിയിൽ നഷ്ടപ്പെട്ട പൈതൃകം

അയ്യായിരം വർഷങ്ങൾക്കുമുമ്പ് നാഗരികതയുടെ കാര്യത്തിൽ മുൻപന്തിയിൽ നിന്നിരുന്ന രാജ്യമായിരുന്നു ഭാരതം. നമ്മുടെ പൂർവ്വികർ വിവിധ ശാസ്ത്രശാഖകൾക്കു നൽകിയ മഹത്തായ സംഭാവനകളിൽ നമുക്കേവർക്കും അഭിമാനിക്കാം. മോഹൻ ജദാരോ, ഹാരപ്പ, കാളിബംഗൻ, രൂപാർ, ലോത്തൽ മുതലായ പൗരാണിക ലോകപ്രശസ്ത നഗരങ്ങളും തുറമുഖങ്ങളും ഭാരതത്തിലായിരുന്നു. ചരകൻ, സുശ്രുതൻ, ജീവകൻ തുടങ്ങിയ മഹാന്മാരായ ഭിഷഗ്വരന്മാരും ആര്യഭടൻ, ബ്രഹ്മഗുപ്തൻ, വരാഹമിഹിരൻ, ഭാസ്കരൻ തുടങ്ങിയ പ്രശസ്ത ഗണിത-ജ്യോതിശാസ്ത്രജ്ഞരും ജീവിച്ചിരുന്നത് ഭാരതത്തിലാണ്. പ്ലാസ്റ്റിക് സർജറി പോലും ഇവിടെ നിലനിന്നിരുന്നുവത്രെ. പൂജ്യം കണ്ടുപിടിച്ചതും, കണസിദ്ധാന്തം ആവിഷ്ക്കരിച്ച കണാദനും എല്ലാം ഭാരതീയർ തന്നെ. ക്രി.വ പതിനാറ് പതിനേഴ് നൂറ്റാണ്ടുകളിൽ പാശ്ചാത്യരാൽ കണ്ടുപിടിക്കപ്പെട്ടു എന്നു പറയുന്ന പലതും സഹസ്രാബ്ദങ്ങൾക്കുമുമ്പേ തന്നെ നാം കണ്ടെത്തിയിരുന്നു. പക്ഷേ ലോകം അറിയാതെ പോയത് അന്നത്തെ ആശയവിനിമയോപാധികളുടെ അപര്യാപ്തത ഒന്നു കൊണ്ടുമാത്രം. ലോഹവിദ്യയിലും വസ്ത്രനിർമ്മാണത്തിലും വാസ്തുശില്പകലയിലും നാം ആരുടേയും പിന്നിലായിരുന്നില്ല. ലോകത്തിന്റെ നാനാകോണുകളിൽനിന്നും വിജ്ഞാനം തേടി ആളുകൾ നളന്ദയിലും തക്ഷശിലയിലും വന്നു. വിശ്വത്തിനാകെ വിജ്ഞാനത്തിന്റെ വെളിച്ചം പകർന്ന നാടായിരുന്നു അന്ന് ഭാരതം.

പണ്ടുമുതലേ ആരേയും സ്വീകരി ക്കുന്ന പ്രകൃതക്കാരായിരുന്നു ഭാരതീയർ. എന്നാൽ സൂര്യനസ്തമിക്കാത്ത സാമ്രാജ്യ ത്തിന്റെ ഉടമകളായ ബ്രിട്ടീഷുകാരുടെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന കിരാതഭരണ ത്തിൻകീഴിൽ നമ്മുടെ മഹത്തായ ശാസ്ത്ര പൈതൃകം എന്നന്നേക്കുമായി അസ്തമിച്ചു പോയി.

പിന്നീട് വളരെക്കാലത്തിനുശേഷം സ്വാതന്ത്ര്യാനന്തരനാളുകളിൽ നമുക്കൊരു സ്വപ്നമുണ്ടായി. ആധുനിക ശാസ്ത്രത്തിന്റെ സഹായത്തോടെയുള്ള ഒരു പുതുസമൂഹത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള സ്വപ്നം എന്നാൽ നമ്മുടെ ശാസ്ത്രസാങ്കേതിക

രംഗങ്ങളിൽ പിന്നീടെന്തു സംഭവിച്ചു? ആഗോളവൽക്കരണത്തിന്റേതായ വർത്തമാനകാലത്ത് എന്തു സംഭവിക്കുന്നു? ഇന്ന് ഇന്ത്യ ഒരു വികസ്വരരാജ്യമാണ്. പക്ഷേ നളന്ദയുടെയും വിക്രംശിലയുടെയുമെല്ലാം പാരമ്പര്യമുള്ള ഇന്ത്യാരാജ്യത്തിലെ ഒരു വിഭാഗം ജനങ്ങൾ നിരക്ഷരതയുടെയും, ദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും ഏററവും മൂർധന്യമായ അവസ്ഥയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം അന്താരാഷ്ട്രനിലവാരമുള്ള സർവ്വകലാശാലകൾ ഇന്ത്യയിൽ ഒന്നൊന്നായി ഉയർന്നുവരാൻ തുടങ്ങി. ഒപ്പം ഗവേഷണ സ്ഥാപനങ്ങളും, സ്വപ്നങ്ങൾ പൂവണിയുമെന്നു നാം പ്രത്യാശിച്ചു. ഒരു പ്രത്യേകലക്ഷ്യം മുന്നിൽകണ്ട് ഒറ്റയാൻ പ്രവർത്തനം നടത്തുന്ന, അല്പം 'പിരി ലൂസായ' കണ്ടുപിടുത്തങ്ങളിൽ ആനന്ദിക്കുന്ന അന്തർമുഖികളായ ശാസ്ത്രജ്ഞരെ നമുക്ക് നഷ്ടമായി. പകരം സംഘടിത ഗവേഷണം വളർന്നുവന്നു. എന്നാൽ പലപ്പോഴും ആധുനിക ശാസ്ത്രശാഖ കൈകാര്യം ചെയ്യാൻ കഴിയുന്നവർ ആ സംഘങ്ങളിൽ ഇല്ലാതെ പോയത് ഫണ്ടും സൗകര്യങ്ങളും ദുർവിനിയോഗം ചെയ്യപ്പെടുവാനിടയാക്കി. അതുമല്ലെങ്കിൽ തങ്ങളുടെ കീഴിൽ പണിയെടുക്കുന്ന ഗവേഷകർ ഗവേഷണഫലങ്ങൾ തങ്ങളറിയാതെ പേറ്റന്റുചെയ്യുമോ എന്ന ആശങ്കയിലാണ് സ്ഥാപനങ്ങൾ. അതുപോലെ ഉണ്ടാക്കുന്ന നേട്ടങ്ങൾ യജമാനന്മാർ വാണിജ്യവൽക്കരിക്കുമോ എന്ന ഭയത്തിലാണ് ഗവേഷകർ. ഇരുകൂട്ടരും പരസ്പരം സംശയിക്കുന്നതിനാൽ വിജ്ഞാനവിസ്ഫോടനത്തിന്റെ ഇക്കാലത്തും വിജ്ഞാനത്തെ തമസ്ക്കരിക്കുവാനുള്ള പ്രവണത വളർന്നു വരുന്നു.

പൊതുവായ ശാസ്ത്രസാങ്കേതിക വിദ്യ, നഷ്ടം സഹിച്ചായാലും ഇറക്കുമതി ചെയ്യാൻ കഴിഞ്ഞെന്നുവരും. എന്നാൽ തദ്ദേശീയമായവ ഉദാഹരണത്തിന് ഒരു ഹൈവേഡിസൈൻ/പുതിയ നഗരത്തിന്റെ പ്ലാൻ തുടങ്ങിയവയോരോന്നിന്നും പ്രാദേശികമായ ഫോർമുലകളുണ്ട്. വരുമാനത്തിന്റെ വലിയൊരു ഭാഗം പ്രതിരോധനത്തിനായി നീക്കിവെക്കുന്നു. എന്നാൽ ജനത്തെ അലട്ടുന്ന ദാരിദ്ര്യവും രോഗവുമല്ലേ സത്യസന്ധമായ യുക്തിക്കുമുന്നിൽ യഥാർത്ഥ ശത്രുക്കൾ? ശാസ്ത്രസാങ്കേതിക രംഗത്തെ മുന്നേറ്റംകൊണ്ടുണ്ടായ സുഖസൗകര്യങ്ങളിൽ അഭിരമിക്കുമ്പോഴും പൊതുജനത്തെ സംബന്ധിച്ചിടത്തോളം ശാസ്ത്രം അവരുമായി ബന്ധമില്ലാത്ത എന്തൊക്കെയോ ആണ്. തൊഴിൽ മേഖലയിൽ ശാസ്ത്രജ്ഞർ അനുഷ്ഠിക്കുന്ന നിത്യതപസ്സിനെ മാനിക്കുന്നവർ വിരളം എന്നത് മറക്കപ്പെട്ട മറ്റൊരു നഗ്നസത്യം. ഇന്ത്യയുടെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്കു പരിഹാരം കാണുന്നതിനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ശാസ്ത്രസാങ്കേതിക നയമല്ല ഭരണാധികാരികൾ നടപ്പാക്കിവരുന്നത്. 1990 കളിൽ ഭാരതം ആഗോളവൽക്കരണകരാറിൽ ഒപ്പുവച്ചു. അതോടെ വിദ്യാഭ്യാസരംഗത്തും പ്രത്യക്ഷമായും പരോക്ഷമായും ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു. ക്യാമ്പസ് റിക്രൂട്ട്മെന്റിന്റെ മറവിൽ പണച്ചാക്കുകളുമായി നമ്മുടെ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളിൽ കറങ്ങുന്ന കോർപ്പറേറ്റ് ലേലം വിളിക്കാരുടെ എണ്ണവും ഏറിവന്നു. ഇതുമൂലം ചിന്തിക്കുന്ന, ചോദ്യങ്ങൾ ചോദിക്കുന്ന, ഉത്തരങ്ങൾ തേടുന്ന ഒരു വിദ്യാർത്ഥിസമൂഹത്തെ വാർത്തെടുക്കാൻ നമുക്ക് കഴിയാതെ പോകുന്നു. ഇന്ത്യയിൽ പഠിച്ചിറങ്ങുന്നവരിൽ 8% പേർക്കുമാത്രമേ അനുസൃതമായ തൊഴിൽ മേഖലയിൽ എത്തിച്ചേരുന്നുള്ളൂ. ചൂടേറിയ ചർച്ചകൾ നടക്കുന്ന ക്യാമ്പസ് അന്തരീക്ഷങ്ങൾ ഇന്നില്ല. നമ്മുടെ BARC-ലും TIFRലുമെല്ലാം അനുഭവപ്പെടുന്ന യുവഗവേഷകരുടെ അപര്യാപതതയ്ക്ക് ഇതൊക്കെയല്ലാതെ പിന്നെയെന്താണ് കാരണമായിട്ടുള്ളത്?


മൊബൈൽ ഫോണും കമ്പ്യൂട്ടറും ഐപോഡുമെല്ലാം ഇന്ന് ലോകം ഒരു കൈലേസുപോലെ കൊണ്ടുനടക്കുന്നു. ഇതിനു കാരണമായ ബിൽഗേറ്റ്സിന്റെ തന്ത്രശാലയിൽ പണിയെടുത്ത ഒരു പാട് ഇന്ത്യൻ മസ്തിഷ്കങ്ങളുണ്ട്. ലോകത്തിലെ

ഉന്നതമേഖലകളിൽ ജോലി ചെയ്യുന്നവരിൽ പലരും ഇന്ത്യക്കാരാണ്. ചില പ്രത്യേക കമ്പനികളിൽ ജോലി നേടുന്നവർ പിന്നീട് ഉപരിപഠനത്തിനു ശ്രമിക്കുമ്പോഴേക്കും പഠിച്ചതിലേറെയും മറന്നിട്ടുണ്ടാകും. ഇനി നാം വല്ലതും സ്വന്തമായി കണ്ടുപിടിച്ചുവെന്നിരിക്കട്ടെ അതു പലപ്പോഴും പാശ്ചാത്യരുടേതാണെന്നു സ്ഥാപിച്ചു കിട്ടാൻ അവർ നടത്തുന്ന ആസൂത്രിത കളികളെക്കുറിച്ച് നാം അറിയാറുപോലുമില്ല. ചിന്തിക്കണേ... ബ്രെയ്ൻ ഡ്രെയ്സ് സൃഷ്ടിക്കുന്ന പൊല്ലാപ്പുകൾ!


അന്താരാഷ്ട്ര നിലവാരമുള്ള നമ്മുടെ സർവ്വകലാശാലകളിൽനിന്നും പഠനം കഴിഞ്ഞിറങ്ങുന്ന മിടുക്കരായ ആരെങ്കിലും അതിൽനിന്നെല്ലാം വ്യത്യസ്തമായി വല്ല ഗവേഷണത്തിനോ അതിപ്രധാനമായ ഒരു മേഖലക്കുവേണ്ടിയോ ജീവിതം ഉഴിഞ്ഞുവെക്കാൻ തീരുമാനിക്കുകയാണെങ്കിൽ നിരുത്സാഹപ്പെടുത്തുന്ന കാഴ്ചയാണ് നമുക്കു മുന്നിൽ. അവസാനം ഏതൊരു മിടുക്കനും മിടുക്കിയും മറ്റുവല്ലവരുടെയും ചുമടെടുപ്പുകാരായി മാറുന്നു.

ധനപരമായും ബൗദ്ധികമായും ഒരുപാട് ഇടപെടലുകൾ ആവശ്യമായി വരുന്ന ഒന്നാണ് ഇന്ന് വിദ്യാഭ്യാസ ഗവേഷണരംഗം. പരസ്പരം മല്ലടിക്കാതെ മൂന്നാം ലോകരാജ്യങ്ങൾ ഒന്നിച്ചുനിന്നാൽ മാത്രമേ വികസിത രാഷ്ട്രങ്ങളുടെ നീരാളിപ്പിടുത്തത്തിൽനിന്ന് അവർക്കു മോചനം ലഭിക്കൂ. വികസിതരാജ്യങ്ങളിൽ നടക്കുന്ന ഗവേഷണങ്ങൾ വഴി മൂന്നാം ലോകരാജ്യങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. ഭാഷയുടെയും മതത്തിന്റെയും രാഷ്ട്രത്തിന്റെയും അതിർവരമ്പുകൾ തട്ടിത്തകർത്ത് ലോകരാജ്യങ്ങൾ സഹകരിച്ച് പ്രവർത്തിച്ചാൽ കോടിക്കണക്കിനു ജനങ്ങൾക്കു ഭക്ഷണവും കുടിവെള്ളവും വിദ്യാഭ്യാസവും ലഭ്യമാകും. ലക്ഷക്കണക്കിനു ശിശുക്കൾ യുടെ അർധഭാഗം വരുന്ന സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കും.

സഹകരണവും സഹിഷ്ണുതയും അടിസ്ഥാനമാക്കിയുള്ള ഒരു സർവ്വതോന്മുഖ വികസനമാകട്ടെ നമ്മുടെ ലക്ഷ്യം. അതിനുള്ള പരിശ്രമങ്ങളാകട്ടെ ഇനിയുള്ള ഓരോ ചുവടുവെയ്പും. എങ്കിൽ മാത്രമേ കൈയെത്തും ദൂരത്തുനിന്ന് വിട്ടകലും മുമ്പേ എന്നോ എവിടെയോ എപ്പോഴോ വച്ച് നഷ്ടമായ ആ ആർഷഭാരതപ്രതാപം വീണ്ടെടുക്കുവാൻ സാധിക്കൂ.



**രമ്യത്ത് എ.ആർ.**
ബി.എ. സാമ്പത്തികശാസ്ത്രം,
രണ്ടാംവർഷം



# പ്രണയത്തിനർത്ഥം



ഓർമ്മകളുടെ ഇലച്ചാർത്തിൽ
സ്മരണകളേറുമ്പോൾ
ചിന്തയുടെ കൽപ്പടവുകൾ ഊന്നി കയറുമ്പോൾ
ഞാനൊന്ന് ഓർത്തിടട്ടെ, പ്രണയത്തിനർത്ഥം.
പ്രണയിച്ചിരുന്നോ ഞാൻ?
ബാല്യത്തിലോ! അതോ കൗമാരത്തിലോ?
എന്തിനെ പ്രണയിച്ചിരുന്നു ഞാൻ
പൂവിനേയോ അതോ പെണ്ണിനേയോ?
കൗമാരകാലത്തിന്റെ വസന്തത്തിൽ
ഞാനും പ്രണയിച്ചു ഒരു പെൺകിടാവിനെ
പ്രണയത്തിനർത്ഥമെന്തെന്നറിയാതെ പ്രണയം
പഠനത്തിൽ പുറകോട്ട് പ്രണയത്തിൽ മുന്നോട്ട്
പരാതികൾ പെരുകിയ പ്രണയകാലം.
വീട്ടിലറിഞ്ഞു! ആകെ വലഞ്ഞു
അർത്ഥമെന്തന്നറിയാത്ത പ്രണയം
അദ്ധ്യാപകർ ഉപദേശവാക്കുകൾ ചൊരിഞ്ഞു
ആരോ പറഞ്ഞെന്റെ അമ്മയുമറിഞ്ഞു
അമ്മേ നിനക്കെന്തിത്ര കോപം?
അമ്മേ നിനക്കെന്തിത്ര ശൗര്യം?
ഞാനിന്നു കാണുന്നു അമ്മതൻ കണ്ണിലെ കണ്ണുനീർ പാടം
അർത്ഥമറിയാത്ത പ്രണയത്തിനർത്ഥം
അമ്മതൻ കണ്ണുനീരാണെന്നറിഞ്ഞു
മറക്കില്ലൊരിക്കലും! മായില്ലൊരിക്കലും!



**Baiju MR**
MSc II Sem Env. Science

*When the last tree cut and last river is poisoned, man will realise that he can't eat money...*

# വായനയെക്കുറിച്ചൊരു വായന

വളരെ വായിക്കയല്ല, വഴിയെ വായിക്കയാണ് വേണ്ടത് : പഴമൊഴി

ഞാൻ വായിച്ചിട്ടില്ലാത്ത ഒരു പുസ്തകം എനിക്കു തരുന്നവനെയാണ് ഞാനേറ്റവും ഇഷ്ടപ്പെടുന്നത് : എബ്രഹാം ലിങ്കൺ.

വായന വാസനയ്ക്കുള്ളതാണ് : കുഞ്ഞുണ്ണി

പുസ്തകങ്ങളില്ലാത്ത വീട് ആത്മാവില്ലാത്ത ശരീരം പോലെയാണ് : സിസറോ

വായിക്കുക, നിന്നെ സൃഷ്ടിച്ച നാഥന്റെ നാമത്തിൽ : വിശുദ്ധ ഖുർ ആൻ

കാലത്തിന്റെ പാതയിൽ നാട്ടിയ ദീപസ്തംഭങ്ങളാണ് പുസ്തകങ്ങൾ : ഇ.പി. വിപ്പിൾ

എന്നെന്നും വിശ്വസിക്കാവുന്ന ഒരു സുഹൃത്ത്, അതാണ് ഒരു ഉത്തമഗ്രന്ഥം : ടപ്പർ

വടിയെടുക്കാതെയും കണ്ണുരുട്ടാതെയും ക്ഷമയോടുകൂടി മനുഷ്യരെ പഠിപ്പിക്കുന്ന ഗുരുഭൂതന്മാരാണ് ഗ്രന്ഥങ്ങൾ : ഗാർഡിനർ.

വായനയോളം ചെലവു കുറഞ്ഞതും നിത്യഫലം ചെയ്യുന്നതുമായ വിനോദമില്ല : മോർട്ടേഗ്യൂ.

വായന മനുഷ്യനെ പൂർണ്ണനാക്കുന്നു. ആലോചന അവനെ തയ്യാറാക്കുന്നു. എഴുത്തു അവനെ ശരിയായ മനുഷ്യനാക്കുന്നു : ഫ്രാൻസീസ് ബേക്കൺ.

വായിക്കാൻ കഴിഞ്ഞത് മഹാഭാഗ്യമായി എന്ന് വായനക്കാർക്ക് തോന്നുമ്പോഴാണ് ഒരു കൃതി ഉത്തമമാവുന്നത് : ഫിലിപ്പ് റോത്ത്

ഗ്രന്ഥങ്ങളും ചങ്ങാതിമാരും ഒരുപോലെയാണ്. നമ്മെ നന്നാക്കാനും കുഴിയിൽ ചാടിക്കാനും അവയ്ക്കു രണ്ടിനും കഴിയും : ചെസ്റ്റേർട്ടൺ.

ഒരു മനുഷ്യനെ വധിക്കുന്നവൻ, ചിന്തിക്കുന്ന ഒരു ജീവിയെ വധിക്കുന്നു. ഒരു പുസ്തകത്തെ നശിപ്പിക്കുന്നവൻ ചിന്തയെതന്നെ നശിപ്പിക്കുന്നു : അരിയോവാജിറ്റിക്.

സമ്പാദനം :

തസ്കീന.എ.എ.

ബി.എസ്.സി. ഊർജ്ജതന്ത്രം

# നിഴലറിയാതെ




എന്നിലെ എന്നെ ഞാൻ
അറിയാൻ തുടങ്ങിയതന്നു നാം
കണ്ടപ്പോഴല്ലോ...
പിന്നെ ഞാൻ കാണാൻ കൊതിച്ചതു
നിന്നെയാണെങ്കിലും
ആശങ്കയുണ്ടായി ഉള്ളിലന്നെന്തിനോ
എന്നെയെനിക്കു നഷ്ടമാകുമോ...
പിന്നീട് നിന്നെ കാണുമ്പോഴെല്ലാം
ഉള്ളിലറിഞ്ഞുകൊണ്ടറിയാത്ത ഭാവം
നടിച്ചു ഞാൻ...
അറിഞ്ഞിരുന്നില്ല ഞാനന്നൊന്നും
ഞാൻ നിന്റെ ഉള്ളിലാണെന്നൊരാസത്യം
കാണാതിരിക്കവെ ഉള്ളുപിടഞ്ഞപ്പോൾ
കണ്ടിട്ടും നോക്കാൻ കഴിയാതെ
കണ്ണുനിറഞ്ഞപ്പോൾ
പിന്നെയും ഞാനറിഞ്ഞു...
നീയെന്റെ ആരോ ആണെന്ന സത്യം...
നാളുകൾ പോകവെ,
നമുക്കുമാത്രമായ്
ആതിര വന്നതു നാമറിഞ്ഞു...
ഒന്നല്ല... രണ്ടല്ല... നൂറു നൂറായിരം
കഥകളല്ലോ മൗനം ചൊല്ലി...
ആരോരുമറിയാതെ നമ്മൾ പിണങ്ങിയ-
തോർമയിലെന്നും കാത്തുവെക്കാം...
ഭൂതവും ഭാവിയും വർത്തമാനവുമെന്നും
ഗ്രീഷ്മത്തിലാണേലും
മാറോടണച്ചു ഞാൻ വ്യർത്ഥമെന്നറിവിലും
എന്റെയീ മൂകപ്രണയം...
ഒരുവാക്കുമിന്നോളം മിണ്ടിയില്ലെന്നാലും
കൈകോർത്തു ദൂരങ്ങൾ പിന്നിട്ടില്ലെന്നാലും
അകലുമീനേരത്തിന്നെന്തിനോ
പാടുപെടുന്നു നാം...
കണ്ണുനീർമുത്തു മറച്ചിടാനായ്...

**ശ്രീകല എം.ആർ**
2. ബി.കോം.

**സോന.പി.എസ്.**
എം.എ.ചരിത്രം, രണ്ടാം സെമസ്റ്റർ.

# ചരിത്രത്തിലേക്കു പറക്കുമ്പോൾ

## ഞാൻ ഒരു ചരിത്രവിദ്യാർത്ഥിനി...........

ചിതറിപ്പറക്കുന്ന പ്രാവിൻകൂട്ടങ്ങളുടെ ചിറകടിയൊച്ചകൾക്കിടയിൽ, പൗരാണിക സൗന്ദര്യത്തിന്റെ പ്രൗഢിയിൽ, മുഗൾ സാമ്രാജ്യത്തിന്റെ തിരുശേഷിപ്പുകൾ നിറഞ്ഞുനിൽക്കുന്ന, ധീരനായ അക്ബറിന്റെ കാൽപ്പാടുകൾ പതിഞ്ഞ, പ്രണയസൗധങ്ങൾ നിറഞ്ഞ, തലസ്ഥാന നഗരിയായ ഡൽഹിയെ പ്രണയിച്ചവൾ.

"അടിമഭാരതത്തിൽ വെച്ചാണ് ഞാൻ വിവാഹിതനാകുന്നതെങ്കിൽ, എന്റെ വധു തീർച്ചയായും മൃത്യുവായിരിക്കും" എന്നു പറഞ്ഞ ധീരഭഗത്സിംഗിനെ ആരാധിക്കുന്നവൾ.

അതിനേക്കാളും എത്രയോ ആഴത്തിൽ I am proud to be an Indian. ഇതെല്ലാമായിരുന്നു ചരിത്രപഠനത്തിന് എന്നെ പ്രേരിപ്പിച്ചത്. ചരിത്രം അതിന്റെ എല്ലാ നിറക്കൂട്ടുകളും മനസ്സിൽ ചാലിച്ചു ക്രൈസ്റ്റ് കോളേജിന്റെ പടികൾ ചവിട്ടുമ്പോൾ... സ്വപ്നങ്ങളിലേക്കുള്ള ദൂരം കുറഞ്ഞതായി തോന്നി.

പക്ഷേ ചിലപ്പോഴൊക്കെ... ഔപചാരികതകളുടെ അപരിചിതത്വത്തിൽ ഞാൻ ഒറ്റപ്പെട്ടുപോയിട്ടുണ്ട്. അപ്പോഴെല്ലാം ലൈബ്രറിയുടെ ബലം പിടിക്കുന്ന വാതിലുകൾ സർവ്വശക്തിയുമെടുത്ത് തള്ളിത്തുറന്നു അകത്തുകയറി പുസ്തകങ്ങളിലേക്കു വീഴുകയായിരുന്നു. പുസ്തകങ്ങളെന്നും എനിക്കൊരു പെയിൻ കില്ലർ ആണ്.

കോളേജ് ഗാർഡന്റെ ഇടയിലൂടെ നടന്നപ്പോൾ... ആ മരത്തണലുകൾ എനിക്കു നിനവുകളും കൗതുകങ്ങളും തന്നു. ഓർമ്മകളിൽ ഒരു വന്മമരം കണ്ണീരായ് പെയ്തു. എന്നാൽ ഇരുമ്പുകമ്പിക്കൂടുകളിൽ, കാടിന്റെ വന്യത സ്വപ്നംകണ്ടുകഴിയുന്ന പെരുപാമ്പിനെയും, കാർമേഘങ്ങളെ നോക്കി, മഴപെരുക്കങ്ങളുടെ ശബ്ദവീചികൾ കേട്ട് സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ ഒന്നു പീലി നിവർത്തിയാടാൻ കഴിയാത്ത ആൺമയിലിനെയും കൂട്ടിരിക്കുന്ന പെൺമയിലിനെയും മറ്റു പക്ഷിമൃഗാദികളെയും കണ്ടപ്പോൾ, അടിമഭാരതത്തിലെ പാരതന്ത്ര്യത്തിന്റെ അടങ്ങാത്ത നിലവിളികൾ കാതിൽ മുഴങ്ങികേട്ടു. ആ മുഴക്കങ്ങളിൽ ഞാൻ കിടന്നുപിടഞ്ഞു. തുറന്നു പറയട്ടെ, പലപ്പോഴും തോന്നിയിട്ടുണ്ട് - സ്വാതന്ത്ര്യത്തിന്റെ കവിതകൾ ചൊല്ലിക്കൊടുത്ത് ഇവരെ തുറന്നുവിടണമെന്ന്.

ക്ലാസ്സുമുറികളിൽ സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങളെക്കുറിച്ചും, അടിച്ചമർത്തലിന്റെയും അടിമത്വത്തിന്റെയും വീർപ്പുമുട്ടലുകൾ പഠിച്ചിറങ്ങുന്നവർക്കു ഇത്തരം ഭ്രാന്തുകൾ തോന്നാം... സ്വാഭാവികം.

അങ്ങനെ പ്രകടിപ്പിക്കാനാവാത്ത പ്രതിഷേധങ്ങളുമായി ഞാൻ നടന്നുനീങ്ങി. അന്യതാബോധത്തിന്റെ വൈറസ്സുകൾ ശരീരത്തെ കാർന്നുതിന്നുന്ന ആ ദിവസങ്ങളിത്രയും ഞാൻ ചരിത്രത്തിലേക്കു തലചായ്ച്ചുറങ്ങി.

ദിവസങ്ങൾ ഇലകളായ് പൊഴിഞ്ഞു കൊണ്ടേയിരുന്നു. ഇപ്പോൾ ഞാൻ ക്രൈസ്റ്റിലേക്ക് ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു. കാരണം എന്റെ നോട്ടുപുസ്തകത്തിന്റെ ഇടത്താളുകളിൽ കുത്തിക്കുറിച്ചിട്ട Aristotle ന്റെ Human Nature എനിക്കിപ്പോൾ വ്യക്തമാകുന്നു.

"Man is a social animal and also a political animal. And who has unable to live in the society either a god or beast"

ഞാനിതെഴുതുമ്പോൾ... ഏതു സെമസ്റ്റർ ആണെന്നു ചോദിച്ചാൽ വ്യക്തമായൊരു ഉത്തരമില്ല. സെക്കന്റ് സെമസ്റ്ററിന്റെ സിലബസ്സുകൾ എടുത്തുകൊണ്ടേയിരിക്കുന്നു. ഫസ്റ്റ് സെമസ്റ്റർ പരീക്ഷ കഴിഞ്ഞിട്ടുമില്ല. യൂണിവേഴ്സിറ്റി ചിലപ്പോൾ ഇങ്ങനെയാണ്. ചില കോമഡി താരങ്ങളെപ്പോലെ, നമ്മളെ ചിരിപ്പിച്ചുകൊണ്ടേയിരിക്കും; അല്ല, ചിന്തിപ്പിച്ചുകൊണ്ടേ...

കലാലയജീവിതത്തിന്റെ ഇടവഴികളിലിരുന്നു തൂലിക ചലിപ്പിക്കുമ്പോൾ പ്രണയത്തെക്കുറിച്ചു പറയാതെ വയ്യ. ക്യാമ്പസ് തൂണുകളിൽ ചാരിനിന്നു അലസമായി സല്ലപിക്കുന്നവരെയും, ഒരു Missed call ന്റെയും SMS ന്റെയും ഇടയിൽക്കിടന്നു റീചാർജ്ജ് ചെയ്യുന്നവരെയും കണ്ടു.

ചരിത്രത്തിലെ അനശ്വരപ്രണയ കഥയിലെ നായികാനായകന്മാരായ പൃഥ്വിരാജ് ചൗഹാനും സംയുക്തയും, ഷാജഹാനും മുംതാസും, സലീം രാജകുമാരനും അനാർക്കലിയും.... ഏതോ പ്രണയലോകത്തിരുന്നു വേദനയോടെ പറയുന്നുണ്ടാകും.. 'പ്രണയമേ നീയെത്ര മാറിപ്പോയി'.




പോർട്ടുഗീസ് ശൈലിയെ ഓർമ്മിപ്പിക്കുന്ന പിരിയൻ ഗോവണികളുള്ള ക്ലാസ്സുമുറിയിൽ ഇരിക്കുമ്പോൾ.... യൂറോപ്യൻ അധിനിവേശം.. ആ ഗോവണിപ്പടിയിലൂടെ കയറിവരുന്നുണ്ടോയെന്നു ഞാൻ ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. കാൽപ്പനികതയുടെ എണ്ണമറ്റ ഭ്രാന്തുകൾ കൂട്ടിനുണ്ടെങ്കിലും. ആ മാസ്മരിക ലോകത്തുനിന്നുപോലും ചരിത്രം എന്നെ ചുറ്റിപ്പിടിക്കുന്നു. സിരകളിലേക്കു പടർന്നു കയറുന്നു. എന്തൊക്കെയായാലും അതിനൊരു സുഖം ഇല്ലാതില്ല.

റിയാലിറ്റി ഷോകളലിൽ പറയുംപോലെ Whatever it is ഇത് ബിരുദാനന്തരബിരുദമാണ് വേണ്ടത്ര Performance ചെയ്തില്ലെങ്കിൽ dangeous Zoneൽ ആകും. അതുകൊണ്ട് ക്ലാസ്സുമുറികളിൽനിന്നു ലൈബ്രറിയിലേക്കു ചേക്കേറി. ഇതു ഞങ്ങളുടെ പ്രിയപ്പെട്ട ചന്ദ്രൻ സാർ പറയുംപോലെ ''കോഴിക്കുഞ്ഞുങ്ങൾ കൂടണയുന്ന ചേലിൽ'ത്തന്നെ ലൈബ്രറിയുടെ ബലം പിടിക്കുന്ന വാതിലുകൾ പിന്നെയും തള്ളിത്തുറന്നു. അസൈൻമെന്റിലേക്കും സെമിനാറുകളിലേക്കും ചുരുണ്ടുകൂടി.

അതിനിടയിലെവിടേയോ... എപ്പോഴൊക്കെയോ.. സൗഹൃദത്തിന്റെ വസന്തങ്ങൾ തളിർക്കുന്നതും.. കർമ്മരംഗങ്ങൾ കണ്ടെത്തി ഗുരുദക്ഷിണ ഒരുക്കിവയ്ക്കാനും ഞങ്ങൾ ഒരുങ്ങിത്തുടങ്ങി. അതെ ഞങ്ങളും ചരിത്രത്തിലേക്കു പറന്നു തുടങ്ങി. പുതിയൊരു ഇടം തേടി... സത്യങ്ങൾ തേടി...

# മൂന്ന് കവിതകൾ

## നീ, ഞാൻ

നീ ചുരുട്ടിയെറിഞ്ഞ അക്ഷരങ്ങൾ
നിനക്കു വേണ്ടാത്തവ
അതുമാത്രം.
ഞാനായ് ഒന്നും
കൂട്ടിയതുമില്ല കുറച്ചതുമില്ല
ഒരു പോസ്റ്റ് കവറല്ലാതെ.
പുകച്ചുരുളുകൾക്കിടയിൽ
പൂർണ്ണത തേടി നീയിപ്പോഴും
അക്ഷരങ്ങളെ വലിച്ചെറിയുന്നു
ഞാനോ.............?
അപൂർണ്ണതയുടെ മാസ്മരികത
തീർക്കുന്ന ഒരു ആധുനിക കവിയും.



കൃഷ്ണപ്രസാദ്.എ.ജെ.
3 ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

## ആയിരത്തിൽ ഒരുവൾ

അന്നും അവനുണ്ട് എനിക്കൊപ്പം
അവളുടെ കയ്യിലെ മഷിത്തണ്ട്
കട്ടെടുക്കാനും പിന്നെ
ചക്കരമാമ്പഴം
പൊട്ടിച്ചുകൊടുക്കാനും.
അഞ്ച് ബിയിലെ ഡെസ്കിൽ
ഞാൻ
ഹൃദയത്തിനുള്ളിൽ
അവളുടെ പേരുകോറിയിട്ടപ്പോൾ
അതവളോട് പറഞ്ഞതും
അവൾ കൊടുത്തയച്ച പനിനീർപ്പൂ
കൊണ്ടു തന്നതും അവൻ.
പക്ഷേ ഇന്നവളുടെ പേരിൽ
തല്ലു കൊണ്ടതവനാണ്.
പത്രത്തിൽ വന്നത് അവന്റെ
പടമാണ്
എന്തെന്നോ............?
കെമിസ്ട്രിലാബിൽ
ആളൊഴിഞ്ഞനേരത്ത്
ഷാളുകൊണ്ട് കഴുത്ത് മുറുക്കി
അവൻ ചെയ്തത്
ഭ്രാന്തിന്റെ രസതന്ത്രമായിരുന്നു.

## ഉരഞ്ഞില്ലാതാകുന്നത്...

ചോക്കേ... നീ അറിയുന്നുണ്ടോ
ഈ ബോർഡ് നിന്നെ
തിന്നുകയാണെന്ന്
നിന്റെ മജ്ജയും മാംസവും
സൗന്ദര്യവും
കവർന്നെടുക്കുകയാണെന്ന്
ഇത്തിരി ഇത്തിരിയായ്
നീ ഇല്ലാതാവുകയാണെന്ന്

ജെ.
ഇംഗ്ലീഷ്

**ശ്രീകല. എം. ആർ**

**2 ബി.കോം**

# തളിരിലകൾ കൊഴിയുമ്പോൾ

"ലേഖ വേഗം കാഷ്വാലിറ്റിയിലേക്ക് ചെല്ലണം... ഡോക്ടർ അന്വേഷിക്കുന്നു..."

"എന്താ സിസ്റ്റർ എമർജൻസി എന്തെങ്കിലും?"

"ആ... കത്തിക്കുത്ത് കേസാ..."

കൂടിനിന്ന ജനക്കൂട്ടത്തിനിടയിലൂടെ നന്നെ പ്രയാസപ്പെടേണ്ടി വന്നു കാഷ്വാലിറ്റി റൂമിലേക്കു കയറാൻ. അവിടെ ഡോക്ടറും മൂന്നു നാലു സിസ്റ്റേഴ്സും ഉണ്ട്. ബെഡിൽ ചോരയിൽ മുങ്ങിക്കിടക്കുന്ന അയാളുടെ മുഖം അവളൊന്നേ നോക്കിയുള്ളൂ.

"... ദൈവമേ... ബാലചന്ദ്രൻ... എന്റെ ബാലു... അല്ല... എന്റേതല്ല... ഒരിക്കലും ആവുകയുമില്ല"

ഓർമകളിൽ ബാലുവിനെ കണ്ടെത്താൻ അവൾക്കൊട്ടും പ്രയാസപ്പെടേണ്ടിവന്നില്ല... കാരണം, അവളുടെ നല്ല ഓർമകളെല്ലാം ബാലുവുമായി ചുറ്റിപ്പറ്റിയുള്ളവയാണെന്ന് അവൾക്കുമാത്രം അറിയാവുന്ന സത്യം.

കോളേജിലെ ഇലക്ഷൻ പ്രചരണ സമയത്താണ് ബാലുവിനെ ആദ്യം കാണുന്നത്.

"ഇത് നമ്മുടെ പാർട്ടിക്കുവേണ്ടി ചെയർമാൻ സ്ഥാനത്തേക്കു മത്സരിക്കുന്ന ബാലചന്ദ്രൻ"

ബാലുവിനെ ചൂണ്ടി ഒരാൾ പറഞ്ഞു (പിന്നീട് ബാലു തന്നെ പറഞ്ഞറിഞ്ഞു ബാലുവിന്റേയും സുഹൃത്തുക്കളുടേയും രാഷ്ട്രീയഗുരുവായിരുന്നു അദ്ദേഹം)

"ഇനി ബാലചന്ദ്രൻ നിങ്ങൾക്കുവേണ്ടി ഒരു കവിത പാടും". അതുവരെ അലസയായിരുന്ന ഞാൻ ബാലുവിന്റെ കവിതക്കുവേണ്ടി കാതുകൂർപ്പിച്ചു.

"...ആരൊരാളെൻ കുതിരയെക്കെട്ടു വാൻ_
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ....."

നല്ല ഗാംഭീര്യമുള്ള ശബ്ദം... നന്നായി പാടുന്നുമുണ്ട്...

"വയലാറിന്റെ അശ്വമേധത്തിലേയാ..."

അടുത്തിരുന്നിരുന്ന കൂട്ടുകാരിയോട് ഞാൻ പറഞ്ഞു... അറിയാൻ താൽപര്യമില്ല എന്ന മട്ടിൽ അവളൊന്നു ചിരിച്ചു...

പിന്നീട് കോളേജിൽ പലയിടത്തും വച്ച് ബാലുവിനെ കണ്ടു. സമരത്തിന്റെ കോലാഹലങ്ങൾക്കിടയിലും ലൈബ്രറിയിലെ നിശബ്ദതയ്ക്കുള്ളിലും അയാൾ നിറസാന്നിദ്ധ്യമായിരുന്നു. ആരാധനായായിരുന്നോ... ബഹുമാനമായിരുന്നോ... പ്രണയമായിരുന്നോ... ഒന്നും പറയാൻ വയ്യ... എന്തോ ഒരിഷ്ടം അയാളോട് തോന്നിയിരുന്നു... എങ്കിലും കാണുമ്പോഴൊന്നും ഞാനതങ്ങനെ ഒരിക്കലും പ്രകടിപ്പിച്ചിട്ടില്ല... പക്ഷേ, അന്നത്തെയെന്റെ ഡയറിക്കുറിപ്പുകളെല്ലാം ബാലുവിന്റെ വിശേഷങ്ങൾകൊണ്ട് നിറഞ്ഞിരുന്നു.... അങ്ങനെ ബാലചന്ദ്രൻ എന്റെ 'ബാലു'വായി...

പിന്നീടെപ്പോഴോ ബാലു എന്നെ ശ്രദ്ധിക്കുന്നുണ്ടോ എന്ന സംശയം എന്റെ ഉള്ളിലുണ്ടായി... സംശയം സത്യമായിരുന്നു. രണ്ടുവർഷം രണ്ടു യുഗങ്ങളായി

നോക്കി...

"ല് ... ല്... ലേ... ഖ..."

"ബാലു.... ബാലുവിന് സംസാരിക്കാറായിട്ടില്ല..."

മറുപടിക്കുകാത്തുനിൽക്കാതെ അവൾ ഡോക്ടറെ വിളിക്കാനോടി.... ബാലുവിനെ പരിശോധിച്ച് ഡോക്ടർ പോയശേഷം മുറിയിൽ തനിച്ചായപ്പോൾ ലേഖയ്ക്ക് വല്ലാത്ത അസ്വസ്ഥത തോന്നി... എന്തു ചോദിക്കണം ബാലുവിനോട്... ഒടുവിൽ ബാലുതന്നെ പറഞ്ഞു തുടങ്ങി...

"ലേഖയന്ന് പറഞ്ഞത് അനുസരിച്ചിരുന്നെങ്കിൽ... ഒരിക്കലും ഞാനിങ്ങനെയാവില്ലായിരുന്നു... എന്നെവെച്ച് കളിക്കായിരുന്നു എല്ലാരും... ഒരുപാട് പാവങ്ങളുടെ കയ്യും... കാലും... തലയും... മനസ്സ് പണയം വെച്ച് ഒരുപാട് സമ്പാദിച്ചു... അവസാനം കൂടെ നിന്നവരും ചതിച്ചു... നീയെന്നെന്നെ ശപിച്ചുകാണും അല്ലേ ... ലേഖ..."

"ഞാനെന്തിന് ശപിക്കണം... ഞാനല്ലേ വേദനിപ്പിച്ചത്... എനിക്ക് ബാലൂനെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ..."

"അപ്പോ ലേഖയ്ക്കെന്നോട് വെറുപ്പില്ലേ..."

"സ്നേഹിക്കുന്നവർ എത്ര വേദനിപ്പിച്ചാലും വെറുക്കാൻ എനിക്കറിയില്ല ബാലു. തിടുക്കപ്പെട്ട് മുറിയിൽ നിന്നിറങ്ങി നടന്നപ്പോഴാണ് താനെന്ത് ഭ്രാന്താണ് പറഞ്ഞത് എന്നോർത്തത്. താനിപ്പോൾ കണ്ടത് ആ പഴയ ബാലുവിനെയല്ല... പണത്തിനുവേണ്ടി എന്തും ചെയ്യുന്ന ക്വട്ടേഷൻ സംഘത്തിന്റെ തലവനെയാണ്..."

...എങ്കിലും എന്തുകൊണ്ട് ആ പഴയ ബാലുവിനെ തനിക്ക് തിരിച്ചുകിട്ടിക്കൂടാ... ഇനി താൻ മാത്രമേയുള്ളൂ ഈ ഭൂമിയിൽ ബാലുവിനൊരാശ്വാസം..."

മുറിയിലെത്തി കുളിക്കാനായി ബാത്റൂമിലേക്ക് കയറുമ്പോഴാണ് പുറത്ത് ബഹളം കേട്ടത്... ആരൊക്കെയോ പരിഭ്രാന്തിയോടെ അലറുന്നുണ്ട്... ഒന്നും വ്യക്തമല്ല... പുറത്തിറങ്ങി നോക്കിയപ്പോൾ കാഷ്വാലിറ്റിയിൽനിന്നും ഒരു സംഘം ആളുകൾ വടിവാളും കൊണ്ട് ഓടുന്നതാണ് കണ്ടത്... രണ്ടുകൈക്കൊണ്ടും ചെവീം പൊത്തി എത്രനേരം നിന്നുവെന്നോർമ്മയില്ല. നടുക്കം വിട്ട് കാഷ്വാലിറ്റിയിലേക്കോടുമ്പോൾ ആരോ തടഞ്ഞു...

"അങ്ങോട്ടു പോകണ്ട സിസ്റ്റർ... ആ കത്തിക്കുത്തുകാരന്റെ പണി കഴിഞ്ഞു... കഷ്ണങ്ങളാക്കീന്നാ പറയണെ... വാളെടുത്തവൻ വാളാലെ... അത്രതന്നെ..."

നാളെ ഏതെങ്കിലും ഒരു കൊടിയുടെ ചുവട്ടിൽ ബാലുവിന്റെ മൃതദേഹം അന്ത്യവിശ്രമിത്തിനൊരുങ്ങും... അവർ രക്തസാക്ഷിയായി ഉയർത്തപ്പെടും... പിന്നെ മേഘങ്ങൾക്കിടയിൽ ഒരു നക്ഷത്രമായ് അവൻ വിരിയും... അവന്റെ വെളിച്ചം ഈ ഭൂമിയിലെത്തുന്നത് കാണാൻ ഒരു പക്ഷേ ലേഖയുണ്ടാരിക്കാം...

അവനെ കരുവാക്കി ലാഭം കൊയ്തവർ ഇപ്പോൾ മറ്റൊരു ബാലുവിനെ തിരയുകയാണ്... നീ നിന്റെ കഴുത്ത് നീട്ടിക്കൊടുക്കൂ ..... നിന്റെ രക്തം അവർക്കു വേണം.

## പണ്ഡിതന്റെ ശവസംസ്കാരം

മുല്ലാ നസ്റുദ്ദീന്റെ അടുത്ത് ഒരാൾ വന്നു പറഞ്ഞു "നസ്റുദ്ദീൻ നിങ്ങളറിഞ്ഞോ? നഗരത്തിലെ മഹാനായ ഒരു പണ്ഡിതൻ ഇന്നു രാവിലെ മരിച്ചു. അയാളെ മാന്യമായി സംസ്കരിക്കണം. അതിന്റെ ചിലവിലേക്കായി താങ്കൾ ഇരുപത് രൂപ തരണം". മുല്ല വളരെ വേഗം നൂറ് രൂപ നോട്ട് എടുത്തുകൊണ്ടുവന്ന് മൊഴിഞ്ഞു "ഇതെടുത്തോളൂ. നിങ്ങൾ അദ്ദേഹത്തെ സംസ്കരിക്കുമ്പോൾ അഞ്ചു പണ്ഡിതന്മാരെ കൂടി എന്തുകൊണ്ട് നിങ്ങൾക്ക് സംസ്കരിച്ചുകൂടാ? ഓർക്കുക! ഈ പണ്ഡിതന്മാർ വളരെ കണക്കുകൂട്ടലുള്ളവരും സാമർത്ഥ്യമുള്ളവരുമാണ്. അതുകൊണ്ട് ആകാവുന്നത്ര ആഴത്തിൽ തന്നെ ഇവരെ കുഴിച്ചുമൂടേണ്ടതാണ്. അല്ലെങ്കിലവർ വീണ്ടും തിരിച്ചുവരും. പണം ഇനിയും വേണമെങ്കിൽ ചോദിച്ചോളൂ. തരാവുന്നതേയുള്ളൂ. ഇതിനെപ്പറ്റി ലജ്ജിക്കേണ്ട".

# കണ്ണീർകലശം

നീതു പി. ആന്റോ
3rd ബികോം

നിനച്ചു ഞാൻ വെറുതെയൊരുനാൾ
എൻ കണ്ണീർകലശം പെയ്തൊഴിഞ്ഞു
നേരറിയുന്നു ഞാൻ
കനവിൽനിന്നുണർന്ന മാത്രയിൽ
വറ്റുകില്ലീ കണ്ണീർകലശം
തുളുമ്പുന്നിതോരോ മാത്രയിലും
ഏകീ പുത്തനൊരറിവെൻ മനസ്സിൽ
മായുമെൻ കണ്ണീർ കലശം
ജീവിതാന്ത്യത്തോടൊപ്പം
നിദ്രാവിഹീനമാം വേളകളിൽ
കണ്ണീർ പെയ്തിറങ്ങുമീ നിമിഷങ്ങളിൽ
ഒരു താങ്ങിനായ് കൈനീട്ടവേ
ഒരു സാന്ത്വനത്തിനായ് കാതോർക്കവേ
കാണുന്നതില്ലീ മനമൊന്നും
ഏകാന്തമെൻ നിഴൽ മാത്രം
തേങ്ങലിൻ താളമായ്
എന്നിലലിഞ്ഞ മാത്രയിൽ
നശ്വരമാം മേനിയെ വെടിഞ്ഞു
തലോടലായ് വന്നൊരു തെന്നൽ
ഉണർത്തി ആത്മാവിനെ
ജീവവായുവാം തെന്നൽ
ഏകീ കണ്ണീരിനന്ത്യം
ജീവിതയാത്രക്കൊരന്ത്യം



വര. സിബിൽ ദാസ്

ജിനിൽ.ടി.എൻ.
2 ബി.എ. സാമ്പത്തികശാസ്ത്രം

# മനോമ്പരം


നീരെങ്ങോ ചോർന്നുപോയ
പുഴയുടെ തീരത്ത്
നിൽക്കുന്ന വേഴാമ്പൽ നീ.....
നിന്റെ നിഴലാം പ്രിയനെവിടെ,
മനമുരുകി നീ കരയുന്നതെന്തിന്
മനസ്സുകളില്ലിനി ഓർമകൾ മാത്രം
തേങ്ങുകയോ നീ വിതുമ്പുകയോ...
ചിറകൊടിഞ്ഞൊരു വേഴാമ്പൽ നീ
കരളിന്റെ വേദന അറിയില്ലയോ....
ഹൃദയം തുറന്നൊരു വേളയിൽ
നീയെന്നെ അറിഞ്ഞില്ലയോ,
അതോ മറന്നില്ലയോ,
നോവുകളെല്ലാം നെഞ്ചോടൊതുക്കി
ഞാനീ വീഥിയിൽ ഏകനായി.
ആരെന്നറിയാതെ, ആരാരുമില്ലാതെ
അഭയം തേടി ഞാനലഞ്ഞു.
നീറുന്ന മനസ്സിന്റെ നോവുകാണാൻ
ആരുണ്ടെനിക്കീ യാത്രയിൽ
നിഴലറിയാതെ മനസ്സറിയാതെ വിതു-
മ്പുകയാണെൻ മിഴിയിണകൾ......

സാക്ഷ്യം ബിസ്റ്റൻ.കെ.എസ്.
1 ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്




# ഉണ്ണിക്കിനാവ്

അമ്മേ നിന്നുദരത്തിനുള്ളറയിൽ
ഉണ്ണിയായുറങ്ങുന്നെന്നെ യോർക്കൂ
നിൻമുഖം കാണാൻ കാത്തിരിക്കും
നിന്നോമൽക്കുട്ടനെ നീ തഴുകൂ...
നിദ്രതന്നൂഞ്ഞാലിൽ ഞാനിരിക്കാം
താരാട്ടിനീണങ്ങൾ പാടിത്തരൂ!
നിൻ ജീവശ്വാസത്തിൻ ദോലനങ്ങൾ
എൻ സ്വപ്നവാതായനം തുറക്കും.
എത്രനാളായിട്ടുമുണ്ണിക്കിനി
ശോഭതൻ ലോകത്തു കൺതുറക്കാൻ
കൂരിരുൾ നീങ്ങുമീ-ക്കൊച്ചുലോകം
വിട്ടുപോന്നീടുവാൻ, നിൻകൈ പൂകാൻ!
എന്നുഞാൻ നിൻമുഖത്തുമ്മവയ്ക്കും?
കൊച്ചരിപ്പല്ലുകളാൽ ചിരിക്കും?
നിൻ വിരൽത്തുമ്പിലായ് പിച്ചവയ്ക്കും?
നിൻ നാരിഭാവത്തെ ശ്രേഷ്ഠമാക്കും?
എന്നു ഞാനമ്മേ എന്നുരയ്ക്കും?
എന്നെന്റെ താതന്റെ കൈപിടിക്കും?
എന്നു ഞാനുണ്ണിക്കഥകൾകേട്ട്
താതന്റെ ചാരത്തു നിദ്രപൂകും?




ഞാൻ വരുമമ്മയെ സ്നേഹിച്ചിടും
താതന്റെ വാക്കുകൾ പാലിച്ചിടും!
പുത്തനുടുപ്പിട്ട് കുഞ്ഞാവയായ്
പാഠം പഠിക്കുവാൻ ചേർന്നിടും ഞാ
സൽപ്പേര് വാങ്ങിടും ഒന്നാമനായ്
താതന്റെ കീർത്തിക്കു ഹേതുവാകും
നാടിന്നുയർച്ചയ്ക്കായ്, സോദരർക്കായ്
ധർമ്മത്തിൻ പാതയിൽ സഞ്ചരിക്കും.
ജീവനാമെന്ന നിൻ വിമല പാത്രേ
പൂജ്യമായ് കാത്തിടും എന്റെയമ്മേ!
മാതാവിൻ സ്നേഹ വിഹായസ്സിനായ്
നന്ദിചൊല്ലാൻ മൊഴി മതിയാകുമോ?
ഉണ്ണിതൻ സ്വപ്നങ്ങൾ ദീർഘിക്കവേ
ക്രൂരമാം പാണികൾ നീണ്ടുവന്നു.....
ഉണ്ണിതൻ ചങ്കുപിടഞ്ഞുപിന്നെ
ജീവന്റെ ശ്വാസത്തിനായ് കിണഞ്ഞു.
അമ്മേയെന്നാർത്തു വിളിച്ചു പിന്നെ-
അമ്മയെ ഓർത്തു കരഞ്ഞുമെല്ലെ!
ജീവന്റെ ചലനങ്ങൾ അകന്നീടവേ
ആരെന്റെ ജനകർക്ക് തണലേകിടും?
ഉണ്ണിതൻ സ്വപ്നങ്ങൾ കെട്ടടങ്ങി
ശോഭതൻ ലോകേ തിരസ്കൃതനായ്
ആയിരമുണ്ണി - സ്വപ്നങ്ങളാ-
ണായിരമമ്മമാർ തച്ചുടപ്പൂ!
ആയിരമുണ്ണിക്കിനാവുകളാ-
ണായിരമന്ധൻമാർ ചീന്തിടുന്നൂ......
ഓർക്ക നീയുണ്ണിതൻ സ്വപ്നങ്ങളെ
തച്ചുടയ്ക്കാൻ തുനിഞ്ഞീടവേ
നിനക്കായ് തീർത്തൊരാ സ്വപ്നമെന്ന
നിൻജീവഹേതുവിൻ സ്വപ്നമെന്നും.
കനിയില്ലാ തരുപോലും തലകുനിപ്പൂ
കനിപേറാൻ നരനോ തലകുനിപ്പൂ
തീ മാത്രം തേടിടും നിന്റെ സ്വത്വം
പുകയേ മറച്ചിടാൻ വെമ്പിടുന്നൂ...
നരനിലും ഭേദമീ മൃഗജീവിതം!
ഉയിരതിലില്ലല്ലോ കൊലപാതകം!
ഇണചേർകിൽ പേറിടും, പോറ്റിടുന്നു,
ഇരകളെത്തേടുന്നൂ പശിയ്ക്കു മാത്രം
ഇനിയും പിറക്കാത്ത പൈതങ്ങളെ
ശപിക്കരുതീകൊച്ചു ഭൂതലത്തെ
അറിവിന്നഹന്തയാലാസ്തമിച്ച
സ്നേഹത്തെ - ജീവനായ് -പങ്കുവയ്ക്കാം.



വര. സിഖിൽ ദാസ്

**ദീപക് സുധൻ**

2 ബി.എസ്.സി. ഊർജ്ജതന്ത്രം

# താജ്മഹൽ
## A SAGA OF LOVE & LOST

സപ്താത്ഭുതങ്ങൾ എന്നു കേട്ടാൽ ഓരോ ഭാരതീയന്റെയും മനസ്സിലേക്ക് ആദ്യം ഓടിയെത്തുക സ്നേഹത്തിന്റെ ഒരു സ്മാരകമാണ്. ഒരു ചക്രവർത്തി, തന്റെ പ്രിയതമയ്ക്കായി വെണ്ണക്കല്ലിൽ പണിതുയർത്തിയ ഒരു സ്മാരകം. നമുക്കതിനെ "താജ്മഹൽ" എന്നു വിളിക്കാം. 'കാലത്തിന്റെ കവിളിൽ വീണ കണ്ണുനീർത്തുള്ളി'യെന്ന് ടാഗോർ വാഴ്ത്തിയ അതേ താജ്മഹൽ. പ്രണയം' അനന്തമാണെങ്കിൽ താജ്മഹൽ അനശ്വരമാണ്.

ഗാഢപ്രണയത്തിന്റെ മധുരിക്കുന്ന ഓർമ്മകളുണർത്താൻ നിത്യഹരിത വിസ്മയമായി വെണ്ണക്കല്ലുകൾകൊണ്ട് വാസ്തുവിദ്യയുടെ വൈദഗ്ദ്യം തുടിക്കുന്ന ശിൽപ്പസൗകുമാര്യത്തിന്റെ നയനാനന്ദകരമായ നിർമ്മിതിയാണ് താജ്മഹൽ. സ്നേഹിച്ചു കൊതിതീരുംമുമ്പേ യവനികയ്ക്കപ്പുറത്തേക്കു മറഞ്ഞുപോയ പ്രിയപത്നിക്കായി ചക്രവർത്തി തീർത്ത വാസ്തുവിദ്യയുടെ വിസ്മയസ്മാരകം.

നൂറ്റാണ്ടുകൾക്കുമുമ്പ്, കൃത്യമായി പറഞ്ഞാൽ എ.ഡി. 1592 നും 1666 നും ഇടയിൽ മനസ്സിൽ മുഴുവൻ പ്രണയം സൂക്ഷിച്ച ഒരു ചക്രവർത്തി ഇന്ത്യയിലുണ്ടായിരുന്നു. ലോകം മുഴുവൻ കേളികേട്ട ആ മുഗൾ ചക്രവർത്തിയുടെ അശ്വരഥം ഇന്ത്യമുഴുവൻ പൊടിപറത്തി പാഞ്ഞുപോയിരുന്നു. എന്നും വിജയത്തിന്റെ കൊടി നാട്ടിയിരുന്നു ആ പ്രേമചക്രവർത്തിയുടെ പേരായിരുന്നു ഖുറം. കാലം അദ്ദേഹത്തെ ഷാജഹാൻ എന്നുവിളിച്ചു.


ഷാജഹാന്റെ പ്രിയപത്നി അർജുമന്ദ്ബാനുബീഗം എന്ന മുംതാസ് മഹലായിരുന്നു. നശ്വരമായ ജീവിതത്തിൽ അനശ്വരമായ പ്രണയത്തിന്റെ പ്രതീകമായിരുന്നു അവർ. ഷാജഹാന്റെ പ്രിയപ്പെട്ടവൾ. എന്നാൽ അകാലത്തുള്ള മുംതാസിന്റെ മരണം ഷാജഹാനെ വല്ലാതെ തളർത്തി. തന്റെ പ്രാണസഖിയോടുള്ള പ്രണയസൂചകമായി ഭൗതികാവിശിഷ്ടം ആഗ്രയിൽ, യമുനയുടെ തീരത്തു മറവുചെയ്യുകയും തന്റെ രാജ്ഞിക്കായി വെളുത്തമാർബിളിൽ താജ്മഹൽ എന്ന പേരിൽ ഒരു ശവകുടീരം നിർമ്മിക്കുകയും ചെയ്തു. 1631ലായിരുന്നു മുംതാസിന്റെ മരണം. 1632 ൽ താജ്മഹലിന്റെ

നിർമ്മാണം തുടങ്ങി. 1654ൽ ഇരുപത്തി രണ്ട് വർഷത്തെ പ്രയത്നഫലമായി നിർമ്മാണം പൂർത്തീകരിച്ചു.

ഉസ്താദ് അഹമ്മദ് ലാഹോറി എന്ന ശില്പിയാണ് താജിന്റെ മുഖ്യശില്പി എന്ന് കരുതപ്പെടുന്നു. രാജസ്ഥാനിൽനിന്നുള്ള തൂവെള്ള മാർബിളിനു പുറമേ സിലോൺ, കണ്ഡഹാർ, യമൻ, പേർഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള ഇരുപത് ഇനം വിശിഷ്ടമായ കല്ലുകളും നിർമ്മാണത്തിനുപയോഗിച്ചിരുന്നു. ചുവരുകളിൽ ഖുറാൻ സൂക്തങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. 78 മീറ്റർ ഉയരവും അത്രയും തന്നെ വീതിയുമുണ്ട് താജിന്. മുംതാസിനോടൊപ്പം പിന്നീട് ഷാജഹാനെയും താജിലാണ് അടക്കം ചെയ്തത്. താജ്മഹൽ, ചരിത്രത്തിന്റെ സിംഹാസനത്തിൽ ഷാജഹാന് എന്നെന്നും സ്ഥാനം നേടിക്കൊടുക്കുന്നു.

രാജഭരണത്തിന്റെ കാലം അവസാനിച്ചെങ്കിലും താജ്മഹലിന്റെ മഹത്വത്തിനും സൗന്ദര്യത്തിനും ഇന്നും കുറവു വന്നിട്ടില്ല. ലോകാത്ഭുതങ്ങളുടെ ഏറ്റവും പുതിയ പട്ടികയിൽ പോലും താജ് തലയുയർത്തി നിൽക്കുന്നു. വർഷംതോറും ലക്ഷോപലക്ഷം സഞ്ചാരികൾ താജ്മഹൽ കാണുവാനെത്തുന്നു. പല വിദേശികൾക്കും ഇന്ത്യയെന്നു കേട്ടാൽ ആദ്യം ഓർമ്മവരിക താജ്മഹലാണ്. താജ് സഞ്ചാരികൾക്ക് സ്വർഗ്ഗീയാനന്ദം പകർന്നു നൽകുന്നു. താജ്മഹൽ നിർമ്മിക്കുമ്പോൾ ലോകാത്ഭുതങ്ങളുടെ പട്ടികയിലേക്കാണ് താൻ കാലെടുത്ത് കുത്തുന്നത് എന്ന് ഷാജഹാൻ കരുതിയിട്ടുണ്ടാകില്ല.

ചിത്രസൗധങ്ങളും അനുബന്ധ രമ്യഹർമ്യങ്ങളും ഗോപുരങ്ങളും കമനീയ കവാടങ്ങളും ഉദ്യാനങ്ങളും പരമ്പരാഗത മുസ്ലീംവാസ്തുവിദ്യ തുടിച്ചുനിൽക്കുന്ന ചിത്രപ്പണികളിലെ വശ്യമനോഹാരിതയും ഇവിടം സ്വർഗ്ഗത്തേക്കാൾ സുന്ദരമാണെന്ന് വിളിച്ചോതുന്നു. സ്നേഹത്തിന്റെ അനശ്വര സ്മാരകമായ താജിലൂടെ ഷാജഹാനും പത്നി മുംതാസും ഇന്നും ജീവിക്കുന്നു. ലോകഭാഷകളിലെ കാവ്യങ്ങളിൽ താജ് സ്നേഹത്തിന്റെ പ്രതീകമായി മാറുമ്പോൾ, ഊരിപ്പിടിച്ച വാളിനു പകരം ഒരു ചുവന്ന പനിനീർപ്പൂവുമായി നിൽക്കുന്ന ഷാജഹാൻ ചക്രവർത്തി മാർക്കിടയിൽ വ്യത്യസ്തനാകുന്നു.



വര. സിഖിൽ ദാസ്

**വിജിത്ത്കുമാർ പി.വി.**

2 ബി.എ. സാമ്പത്തികശാസ്ത്രം



# സ്നേഹപൂർവ്വം, നിനക്കായ്

കാർമുകിൽ പെയ്തൊഴിഞ്ഞ മാനംപോലെ
കനവുകൾ പെയ്തൊഴിഞ്ഞ മനസ്സുമായി
ഓർമ്മതൻ പൂമരചുവട്ടിൽ ഏകനായ് ഞാനിരിക്കവെ
ഇലകളിൽ ഇറ്റിറ്റു വീഴുന്ന സ്നേഹത്തിന്റെ തുള്ളികൾ
ഓർമ്മയായ് മനതാരിൽ പെയ്തിറങ്ങവേ...
നോവിന്റെ കാണാപ്പുറങ്ങളിലെ ഒരുപിടിനനഞ്ഞ ഓർമ്മകളിൽ
ഒരു മഴത്തുള്ളിയായ് നിൻ മുഖം തെളിയുന്നുവോ...
അലയുന്നുവോ എൻ നഷ്ടസ്വപ്നങ്ങളിൽ വീണ്ടും...
സ്നേഹത്തിന്റെ ഇഴകൾ തീർത്ത പാതയിലൂടെ
അൽപം ഭയത്തോടെയെങ്കിലും
പ്രതീക്ഷകൾ അലയടിക്കുന്ന മനസ്സുമായി
വിറയാർന്ന കാൽവെപ്പുകളോടെ
മോഹത്തിൻ കൂടാരമായ് നീ എന്നിലേക്ക് വന്നെത്തിയതും....
അപരിചിതത്ത്വത്തിന്റെ വഴിയിൽനിന്നും
പരിചിതമായ ഇടനാഴിയിലേക്കു കടന്നു വന്നതും, പിന്നീട്...
ഒരു മഞ്ഞുതുള്ളിപോലെ അലിഞ്ഞുചേർന്നതും,
കാലങ്ങളെത്ര കടന്നുപോയാ സ്മൃതികൾ
നിനക്കായ് ഹൃദയം കൊണ്ടുതീർത്ത സ്വപ്നങ്ങൾക്കും
മനസ്സുകൊണ്ടെപ്പോഴോ മൂളിയ രാഗങ്ങൾക്കു പകരമായി
നിഗൂഢതതൻ പൊരുൾ തേടി, നിന്റെ മാത്രം പാതയിലൂടെ
ഒന്നും മിണ്ടാതെ നീ നടന്നകന്നപ്പോൾ...
നോവിന്റെ നൊമ്പരത്താൽ നിശബ്ദമായ
ഒരു മനസ്സിന്റെ തേങ്ങൽ നീ അറിഞ്ഞില്ല.....
നീ തന്ന സ്നേഹത്തിനൊരംശംപോലും
നിനക്കായ് തിരികെ തരാൻ കഴിഞ്ഞില്ലല്ലോ
എങ്കിലും എൻമനമറിയുന്നൂ, നീ മാത്രം വലുതെൻ ഹൃദയത്തിലെന്ന്...
നീയെൻ മനതാരിൽ നിറഞ്ഞിടുമെന്ന്...
നിനയ്ക്കാതെയെങ്കിലും, ജീവിതകാലമിനിയേറെയെങ്കിലും
തിരികെ വരില്ലല്ലോ നീ തന്ന നിമിഷങ്ങൾ...
പോയകാലത്തെ സ്നേഹസ്മരണകൾ
ഇന്നുമെൻ മനതാരിനാശ്വാസമേകവെ,
ഇന്നെൻ കൂട്ടായ് നീയില്ലെങ്കിലും
അന്നു നീ തന്നൊരാ സ്നേഹത്തിൻ തുള്ളികൾ
ഇന്നെന്നിലണയുന്നു കണ്ണീർ കണങ്ങളായ്
ഒരു പിടിമോഹങ്ങളുമായ് അകലുമീ ഏകാന്തതയിൽ
തിരികെ വരില്ലെങ്കിലും, കാത്തിരിക്കുന്നു നിനക്കായ്...
ഒരു സുന്ദരയാമത്തിൽ മൊട്ടിട്ട നിൻ സ്നേഹസാമീപ്യത്തിനായ്...



വര. വിജിത്ത്കുമാർ

**ഷ്മ രാമചന്ദ്രൻ**

ാം സെമസ്റ്റർ എം.എസ്.സി.

എൻവയോൺമെന്റൽ സയൻസ്.


# അവളിലൂടെ....



ഉച്ചമയക്കത്തിൽനിന്ന് ഞാൻ ഞെട്ടി ഉണർന്നു. എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. ഒരു പേമാരിപോലെ "അവൾ" എന്ന കഥാപാത്രം എന്റെ മനസ്സിൽ കടന്നുവന്നു. ഇത് യാഥാർത്ഥ്യമാണോ അതോ, എന്റെ മനസ്സിന്റെ തോന്നലാണോ എന്ന് എനിക്കറിയില്ല. ഞാൻ ഉമ്മറപ്പടിയിൽ വന്നിരുന്നു. എന്റെ ചിന്തമുഴുവനും അവളെപ്പറ്റിയായിരുന്നു. അവൾ എന്നോട് സംസാരിക്കുന്നതുപോലെ തോന്നി; ഞാൻ അവളോടും. ഞങ്ങളുടെ സംസാരവും ചിന്തയും ഞാൻ കടലാസിൽ കുത്തിക്കുറിച്ചു. അത് ഒരു കഥയായി മാറി എന്നു തന്നെ പറയാം. അങ്ങനെ ഞാൻ തന്നെ അതിലൊരു കഥാപാത്രമായി മറി; കഥാകാരിയും.

ആരായിരുന്നു അവൾ? ഒരു മഞ്ഞുതുള്ളിപോലെയായിരുന്നു അവളുടെ മനസ്സ്. ഒരു വാനമ്പാടി പോലെ, സ്വർഗ്ഗസംഗീതം പോലെ, കലാലയത്തിൽ അവൾ പാറി നടന്നു. മഴവില്ലിന്റെ അഴകായിരുന്നു അവൾക്ക്. പ്രകൃതിയിൽ നിന്നും ഇറങ്ങിവന്ന ശില്പമാണോ എന്ന് ആരും സംശയിച്ചു പോകും.

കലാലയത്തിലെ ഓരോ തരിമണ്ണിനും അവളെ അറിയാം. കലാലയം കേൾക്കുവാൻ കൊതിച്ചു. രണ്ട് അദ്ധ്യയനവർഷങ്ങൾ വളരെ വിജയകരമായിതന്നെ കടന്നുപോയി.

പെട്ടെന്ന് ആ ദിവസങ്ങൾ കടന്നുവന്നു. ജീവിതം എന്നു പറയുന്നത് ഒരു ചതുരംഗക്കളിയാണ്. മനുഷ്യരാണ് അതിലെ കരുക്കൾ. പരീക്ഷണങ്ങൾ അതിജീവിക്കേണ്ടിവരും. അപ്പോഴാണ് ജീവിതവിജയം കൈവരിക്കുന്നത്. അവൾക്കും ചില പരീക്ഷണങ്ങൾ നേരിടേണ്ടിവന്നു. ഒരു കൊടുങ്കാറ്റെന്നപോലെ പ്രണയം അവളുടെ ജീവിതത്തിൽ കടന്നുവന്നു. അവൾപോലുമറിയാതെ അത് സംഭവിച്ചു. അവൾ അത് മറക്കാൻ ശ്രമിച്ചു. അവൾ മറക്കുവാൻ എന്ത് ആഗ്രഹിച്ചിരുന്നുവോ അത്

ക്കൊണ്ടിരുന്നു. അസ്വസ്ഥമായ ദിനങ്ങൾ ഒരു കൊടുങ്കാറ്റ് പോലെ അവൾ തള്ളി നീക്കി.

അതിനുശേഷം അവൾ ക്ലാസിലേക്ക് വന്നു. പ്രകാശത്തിൽ ശോഭയാർന്ന മുഖം ഇന്ന് അന്ധകാരത്തിൽ നിറഞ്ഞ് നിൽക്കുന്നു. ഇതിന് കാരണം ആരാണ്? കടപ്പാടെന്ന ചിന്ത അവളെ മുറിപ്പെടുത്തി കൊണ്ടിരുന്നു. അവളുടെ മനസ്സു വായിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നു.

അതിനിടയിൽ അവസാന വർഷപരീക്ഷകൾ പെയ്തൊഴിഞ്ഞു. വിടപറയും സമയം കടന്നു വന്നു. ജീവിതത്തിലെ ഏറ്റവും കഠിനമായ പ്രക്രിയയാണ് വേർപാട് എന്ന സത്യം.

ഞങ്ങളെല്ലാവരും ഒത്തുകൂടി. ഈ കലാലയ ജീവിതം ഞങ്ങൾക്ക് സമ്മാനിച്ച സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവച്ചു. ഞാൻ അവളുടെ മുഖം ശ്രദ്ധിച്ചു. അവളുടെ മുഖത്ത് ആ പഴയ വെളിച്ചം തിരിച്ചുകിട്ടിയിരുന്നു. ഒരു മഴ പെയ്തുതോർന്ന അവസ്ഥയായിരുന്നു അവൾക്ക്. എവിടെനിന്നോ ഒരു കുളിർമ എന്നിൽ കടന്നുവന്നു.

പെട്ടെന്ന് അവൾ അപ്രത്യക്ഷ... ഞാൻ അന്വേഷിച്ചു. ഒരു ക്ലാസ് ... ജനാലയ്ക്കരികിൽ അവൾ ഉറ്റുനോ... ക്കൊണ്ടിരിക്കുന്നു. ആരെയോ മന... പ്രതീക്ഷിക്കുന്നതുപോലെ. പ്രതീക്ഷക... പലപ്പോഴും നമ്മളെ ജീവിതത്തിലേ... മുന്നോട്ട് നയിക്കുന്നത്.

കാലം കടന്നുപോയികൊണ്ടിരു... ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നു. ... ഓർമ അവളെ സ്നേഹിക്കുന്നവ... വേദനയാണെന്നറിഞ്ഞുകൊണ്ട് അവ... മറക്കാൻ ശ്രമിച്ചു. കാലത്തിന്റെ അഗാ... യിൽ ഒരു മഞ്ഞുതുള്ളിപോലെ അവള... ഇഷ്ടം ഉരുകിത്തീർന്നിട്ടുണ്ടാകും.

എന്റെ മനസിൽ ഒരു പേമാരി പെയ്... തോർന്നതുപോലെ... "അവൾ" എന്ന ക... പാത്രത്തിന് പ്രത്യാശയുടെ പൂച്ചെണ്ടു... ഇത് യഥാർത്ഥ്യമാണെങ്കിലും അല്ലെങ്കില...

അല്ലെങ്കിൽ ആരാണ് അവൾ?

മാറിനിൽക്കുമ്പോഴുള്ള ഒരു സുഖ... അതുതന്നെ.


## ഒരു മഹാരഹസ്യം

ഒരു യുവാവ് മലമുകളിൽ പാർന്ന പ്രസിദ്ധനായ വാൾപ്പയറ്റുകാരൻ ഗുരുവിന്റെ മുന്നിലെത്തി.
ഗുരോ! കൃത്യതയോടെ ശീലിക്കുകയാണെങ്കിൽ എത്രവർഷങ്ങൾകൊണ്ട് എനിക്ക് ആയോധനകല പഠിക്കാനാകും ?
ഒരുവേള പത്തുവർഷത്തോളമെടുത്തേക്കാം!
എന്റെ അച്ഛന് വയസ്സായി. ഞാൻ തന്നെ വേണം അദ്ദേഹത്തെ നോക്കാൻ. വളരെ കഠിനമായി യത്നിക്കുകയാണെങ്കിൽ എനിക്കത് പഠിക്കാൻ എത്രകാലം വേണം?
അങ്ങനെയാണെങ്കിൽ അതിന് മുപ്പതുവർഷം വേണ്ടിവരും!
എന്ത്? പത്തുവർഷങ്ങൾ മതിയെന്ന് അങ്ങ് ആദ്യമേ പറഞ്ഞു, പിന്നീട് മുപ്പത് വർഷങ്ങൾ വേണ്ടിവരുമെന്നും. എന്ത് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതിനും ഞാൻ ഒരുക്കമാണ്. അങ്ങനെയായാൽ ഏറ്റവും ചുരുങ്ങിയ എത്ര സമയംകൊണ്ട് എനിക്കത് പഠിക്കാനാകും ?
എങ്കിൽ നിങ്ങൾക്കത് പഠിക്കാൻ എഴുപത് വർഷങ്ങൾ വേണ്ടിവരും.

...िका वल्सन

# जादू की छड़ी

कुछ दिन कुछ पल,
बस पहले की ये बातें हैं
जब हमारी हुई थी एक
हसीनो से ओरकूठ पर मुलाकात
कुछ दिनों में ही, हम दोनों ने
इक दूजे को जान लिया।
उनका नाम निष्मा है,
यह हमने पहचान लिया।
अँग्रेजी, पंजाबी, हिन्दी, मराठी
सब कुछ वह जानती है।
छोटी छोटी सी बातों पर
कितना हमको हँसाती है
सबको हँस हँस के मजाक
वह उडाती है, तो फिर
उनका कोई मजाक उडाये तो
उपने आप पर ही हँस जाती है।
जितनी यह बाहर से सुंदर
अंदर से उतनी ही प्यारी है।
इनकी सबसे प्यारी गहनें
ममता, लज्जा और विनय हैं।
दिल इनका प्यारा है।
यहा अपने आप को सबसे छिपाती है।
नाम इनका प्यारा है
किसी दूर देश की पारि है।
कभी न किसी के हाथ आई
जादू की छड़ी है वह।



**ഉമേഷ് സി.യു**

3 ബി.എസ്.സി. രസതന്ത്രം




# ഒരു പ്രണയപ്പാട്ട്



നിന്നെക്കുറിച്ചു ഞാൻ ഓർക്കുന്നു ഓമലേ
പറയാതെ പോയെന്റെ
മോഹങ്ങൾ പൊഴിയുന്നു
മറക്കാൻ കഴിയുകയില്ലെനിക്ക്
മനസ്സിൽ നിറഞ്ഞൊരു വസന്തക്കാലം
ആദ്യം കണ്ടൊരു നാളിൽ നിന്നെ
മോഹിച്ചു പോയൊരു നിമിഷങ്ങളിൽ
കരളിന്റെ കിളിവാതിൽ തുറന്നിട്ടു ഞാൻ
കരളേ നീ പോകുന്ന വീഥികളിൽ
ഇടറാതെ പതറാതെ കാത്തുനിൽക്കും
ഇടനെഞ്ചിൽ കൊട്ടുന്ന മേളമോടെ
ഒടുവിൽ നീ എത്തുമ്പോൾ
അടങ്ങുകില്ലോമനേ
ഓർക്കുവാൻ ഇനിയുണ്ടെനിക്ക്
ഓർമ്മയുടെ താളുകൾ നിവർത്തട്ടെ ഞാൻ
നിന്റെ നിഴലായ് കൂടെ ഞാൻ പോരുമ്പോൾ
തിരിഞ്ഞൊന്നു നോക്കാതെ പോയവളേ
കണ്ണൊന്നു ചിമ്മാതെ കണ്ണീരുമായ്
കരളേ കരയുന്നു നിന്നെയും ഓർത്തു ഞാൻ...

വര: സിബിൽ ദാസ്



[illegible] സന്ദീപ്
[illegible]എസ്.സി. ജന്തുശാസ്ത്രം

# തുലാവർഷം


ഏതോ തുലാവർഷ മേഘങ്ങൾ നീട്ടിയ
വെള്ളിച്ചിറകുള്ള പേമാരിയാണു നീ
ആർത്തലച്ചാദ്യമായ് നീ പെയ്തിറങ്ങുമ്പോൾ
കാത്തിരുന്നോരോ നിമിഷവും നിന്നെ ഞാൻ.
വേനലിലൊരു കുളിർത്തെന്നലായ് നീ വന്നു,
എന്നിലെ ദുഃഖങ്ങൾ ബാഷ്പമായകന്നു,
ഓർമ്മയിലൊരു നിശ്വാസമായ് നീ മാറുമ്പോൾ
തേങ്ങിക്കരഞ്ഞു നനഞ്ഞു ഞാൻ മാരിയിൽ
പാതി ചൊരിഞ്ഞു വീഴും മഴത്തുള്ളികൾ
കൈകളിലെത്തിപ്പിടിച്ചിന്നു നിറച്ചു ഞാൻ
ചുംബിച്ചു മാറോടടുക്കിപ്പിടിച്ചപ്പോൾ
ലോലമാം കൈകളാലെന്നെ പുണർന്നു നീ.
ഒന്നും പറയാതിടയ്ക്കു നീ പെയ്തനാൾ
നിന്നിലേക്കന്നു ഞാനോടിയടുത്തപ്പോൾ
ഒന്നുമേ കാണാതെ, പറയാതെ പോയി നീ,
മിണ്ടാതകലേക്ക് പെയ്തുപെയ്തങ്ങുപോയ്
ഒടുവിലീ ജാലകപ്പാളി തൻ ചാരെയായ്.
വീണ്ടും തുലാവർഷമെത്തി നിൽക്കുമ്പോൾ
മാനം കറുത്തു കാറ്റാഞ്ഞു വീശുമ്പോൾ
നിന്നെ വരവേൽക്കാനാർദ്രമാം കണ്ണുമായ്
കാത്തിരിപ്പൂ ഞാനീ പൂമുഖവാതിലിൽ

Neethu P. Anto
3rd B.Com



# Illution

Life is an illusion
With a mixture of miseries & mischief
Now I have with that illusion.
O dear, who don't near
Why do you left me without a word.
Once you were my almighty,
Then why do you pass away without my assent
Do you predict my dissent?
The pain that you present me
Make me weep the whole day
Besides your grave.
I wish you would be with me
I aspire your presents
Because your present me amiable memories
With that memory now I alive.
In our past days, I feel
Your interpretation were very contrary to me
But now, in your absence I feel
Your interpretations were very opposite to me.
Can you see me, weeping alone in this darkness?
Can you feel the pain that you present me?
Can you hear me, then tell me
Why do you left me
When you received a sudden call.
Now I know, the power of love
That you present me
It's a medicine
Now I alive, with that medicine
Till its end &
Beginning of our face to face contact.



**ലിയോൺസിയ റാഫേൽ**
2 ബി.എ.
ഫങ്ഷണൽ ഇംഗ്ലീഷ്

## മഴ

ഉള്ളിലെ നൊമ്പരം ചൊല്ലാൻ ഉണ്ണികളില്ലാത്ത,
അമ്മയ്ക്കൊരാശ്വാസം ഈ മഴ.
ആരാരും കാണാത്ത പേടികളുമായ് വിറയ്ക്കുന്ന മനസ്സിന്,
ഒരു കൈത്താങ്ങീ മഴ.
ബധിരന്റെ സംഗീതവും മൂകന്റെ ആലാപനവും
ജ്ഞാനിയുടെ തത്വശാസ്ത്രവും മഴ.
മഴയിൽ ഒലിച്ചുപോയ ജനന്മങ്ങൾ
മഴയുടെ കൂട്ടാളികൾ ഇല്ലാതാക്കിയ ജീവിതങ്ങൾ!
എങ്കിലും ഏകാന്തതയിൽ കാവൽക്കാരന്,
ഭീതി നിറഞ്ഞൊരാശ്വാസം ഈ മഴ!
ചങ്ക് പൊടിഞ്ഞാലും നെഞ്ച് പിടഞ്ഞാലും
കണ്ണീരെല്ലാം വലിച്ചുകുടിക്കുന്നവനും
മഴയൊരു സതീർത്ഥ്യൻ.
വറ്റിവരണ്ട ഭൂമിക്ക് അമ്മയാകാനുള്ള വരം നൽകുവതും മഴ!
പറഞ്ഞുകേട്ട്, മനസ്സുറപ്പിച്ച്, ബന്ധനങ്ങൾ മാത്രം
മുറുകുമ്പോൾ,
കാഴ്ചകൾ ഇരുട്ടിലേക്ക് മറയുമ്പോൾ,
ഒതുങ്ങിക്കൂടിയ മുറിക്കുള്ളിലെ വെണ്ണിലാവും മഴ.
മഴയുടെ താളം, മഴയുടെ സംഗീതം, മഴയുടെ നൃത്തം,
ഹാ!!!................ മഴ!

**അപർണ ദേവി.എം.ആർ.**
ബി.എസ്‌സി, ഊർജ്ജതന്ത്രം.

## ആത്മസഖി

എന്നാത്മസഖിയിന്നൊരോർമ്മമാത്രം
എങ്ങോ പോയ് മറഞ്ഞൊരെൻ
ആത്മസഖിയിന്നൊരോർമ്മമാത്രം
നൊമ്പരമായെൻ സങ്കല്പ-
വീഥിയെ വിട്ടകന്നവൾ
ക്ഷണികമൊരു നിമിഷമെൻ
ജീവിതാനന്ദം നുകർന്നവൾ
ബാഷ്പകണമായെന്നനുരാഗ-
വീചിയിൽ ഒഴുകിയലഞ്ഞവൾ
അകലുമൊരു വെൺതുവൽപ്രഭയാലെന്നിൽ
ഇരുളലകൾ തീർത്തവൾ
പാടിമറന്നൊരുരാഗമാണവൾ
ഞാനിന്നലെ കണ്ട കിനാവവൾ
ആത്മാവിൻ സ്വപ്നമായ് ഒരു
നിമിഷസ്വപ്നമായ് മാഞ്ഞുപോയവൾ



**ശരണ്യ.കെ.അശോകൻ**
ബി.എസ്സി.ഊർജ്ജതന്ത്രം
ഒന്നാം സെമസ്റ്റർ.



# സുഹൃത്തേ, നിന്റെ ഓർമ്മയ്ക്കായ്...

ആശുപത്രിവളപ്പിൽ, സൂര്യന്റെ കഠിനതാപം സഹിക്കവയ്യാതെയോ, ഞങ്ങളുടെ ദുഃഖത്തിൽ മനമലിഞ്ഞോ... ആ വാകമരം ഇലപൊഴിച്ചുകൊണ്ടേയിരുന്നു. നഭസ്സിലൂടെ വട്ടമിട്ടുപറന്നിരുന്ന പരുന്ത് തന്റെ ഇരയെ ഉപേക്ഷിച്ച് ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേരാ നെന്നതുപോലെ വാകമരച്ചില്ലയിൽ വന്നിരുന്നു. മനസ്സിലൊതുക്കിയ ദുഃഖത്തിന്റെ നിലവറ കവിഞ്ഞപ്പോൾ ഞങ്ങളുടെ കണ്ണുകളിൽനിന്ന് അത് അശ്രുധാരയായി. ഉച്ചത്തിൽ ഒച്ചവച്ച് എന്നും ശല്യംചെയ്യാറുള്ള കാകന്മാർപോലും നിശ്ശബ്ദരായപ്പോൾ ഞങ്ങളുടെ ദുഃഖത്തിന് ആക്കം ഏറിക്കൊണ്ടിരുന്നു.

ചുണ്ടിൽ ഒരു മന്ദഹാസവുമായി എന്നും അവൻ ഞങ്ങളുടെ മുന്നിൽ എത്താറുണ്ടാ യിരുന്നു. ആരോടും എളുപ്പം ഇണങ്ങിച്ചേരുന്ന അവനുമായി സൗഹൃദം സ്ഥാപിക്കാൻ ഞങ്ങൾക്കധികം സമയംവേണ്ടിവന്നില്ല. ക്ലാസ്സുകളിൽ കയറാതെ ഞങ്ങൾ നടക്കുമ്പോഴും മറ്റുള്ളവരെ തമാശരൂപേണ വേദനിപ്പിക്കുമ്പോഴും അവൻ ഞങ്ങളെ ഉപദേശിക്കുമായി രുന്നു. ഒരുപാട് പ്രതീക്ഷയോടെയാണ് അവൻ കലാലയത്തിലേക്ക് വന്നിരുന്നത്. ആ പ്രതീക്ഷകൾ സഫലമാക്കുവാൻ അവൻ വളരെയധികം പരിശ്രമിച്ചിരുന്നു. നിശ്ശബ്ദനായ ഒഴിവുസമയങ്ങളിൽ പഠിക്കുന്നതും സംശയനിവൃത്തിക്കായ് മറ്റുള്ളവരെ സമീപിക്കുന്നതും അതിന്റെ ഭാഗമായിരുന്നു. പഠിക്കുവാനായി ദിവസവും അവൻ നേരത്തേ വരാറുണ്ടാ യിരുന്നു. പക്ഷേ, അന്ന്...

അമ്മയുടെ സ്നേഹവായ്പോടും അച്ഛന്റെ അനുഗ്രഹാശിസ്സുകളോടുംകൂടി അന്ന് അവൻ പടിയിറങ്ങിയപ്പോൾ ഇനി തിരിച്ചു വരുവാൻ കഴിയുകയില്ല എന്ന് ഒട്ടും വിചാരിച്ചിരിക്കില്ല. താൻ എന്നും സഞ്ചരിക്കാറുള്ള ആ വാഹനത്തിന് ഒരു കാലന്റെ പരിവേഷമുണ്ടെന്ന് ഒരിക്കലും കരുതിയിരിക്കുകയില്ല. അവൻ മുന്നോട്ടുവയ്ക്കുന്ന ഓരോ കാൽവെപ്പും തന്റെ പൂർവ്വാത്മാക്കളുടെ ഇടയിലേക്കുകള്ള യാത്രയുടെ ആരംഭമാണെന്ന് അവന് അറിയില്ലായിരുന്നു. മൃത്യുവിന്റെ പോർവിളിയുമായി കാലപരിവേഷമുള്ള ആ യന്ത്രം അവന്റെമേൽ കയറിയിറങ്ങിയപ്പോൾ തകർന്നുപോയത് അവന്റെ സ്വപ്നങ്ങളായിരുന്നു... ഒരു കുടുംബത്തിന്റെ പ്രതീക്ഷകളായിരുന്നു.

അവന്റെ ഓർമ്മകൾ തത്തിക്കളിക്കുന്ന കലാലയമുറ്റത്ത് അവന്റെ സ്മരണയ്ക്കായ് നട്ടുപിടിപ്പിച്ച നീർമരുതത്തെയും രാത്രിയുടെ യാമങ്ങളിൽ പൊട്ടിവിരിയുന്ന താരകളെ കാണുമ്പോഴും അവന്റെ ഓർമ്മകൾ ഞങ്ങളിൽ പൂക്കാറുണ്ട്. വിധിയുടെ വിനോദമെന്നോ ജാതകത്തിന്റെ ദോഷമെന്നോ പറഞ്ഞ് ഞങ്ങൾ സ്വയം ആശ്വസിക്കുമ്പോഴും വിട്ടുമാറാത്ത ദുഃഖത്തിന്റെ ഏങ്ങലടികൾ ഞങ്ങളുടെ മനസ്സിൽ നിറഞ്ഞ് നിന്നിരുന്നു.

ജീവിതത്തിലെ മാലമുത്തുകൾ മുഴുവൻ കോർത്തുതീരുംമുമ്പ്... യൗവനത്തിന്റെ സംഗീതം മുഴുവൻ ആസ്വദിക്കുംമുമ്പ്... മോഹത്തിന്റെ ചിറകുകൾ വിരിച്ച് പറന്നുതുട ങ്ങുംമുമ്പ്... ആകാശങ്ങളിലെ താരകങ്ങൾക്ക് കൂട്ടുപോയ സുഹൃത്തേ... നിന്റെ ഓർമ്മയ്ക്കായ്...

Sijesh George
III[rd] BA Functional English

# TWO POEMS

## THE MASTER'S TOUCH

1



It's in the beauty around me
That I see you, lord, each day.....
The stately trees, fragrant blossoms,
As I go along my way.
Your love is all around me,
The fright blue sky above
The sum that shines upon me,
The call of the morning dove.
No artist can do it justice
With the stroke of a paint filled brush
He could never capture it all
The beauty of the MASTER'S TOUCH.

## NEVER ALONE

2

Though I may move a thousand miles
And leave good friends behind.
The most important me I know
Is always in my mind.
The scene may, change and climate chill
In strange and distant land, But still I feel the Warmth of Him
Who holds me in His hand?
I feel God on the morning Sun
And in the eventide
And never do I feel alone
He's always at My Side

Sijesh George
III[rd] BA Functional English

# TWO POEMS

## THE MASTER'S TOUCH

1

It's in the beauty around me
That I see you, lord, each day…..
The stately trees, fragrant blossoms,
As I go along my way.
Your love is all around me,
The fright blue sky above
The sum that shines upon me,
The call of the morning dove.
No artist can do it justice
With the stroke of a paint filled brush
He could never capture it all
The beauty of the MASTER'S TOUCH.



## NEVER ALONE

2

Though I may move a thousand miles
And leave good friends behind.
The most important me I know
Is always in my mind.
The scene may, change and climate chill
In strange and distant land, But still I feel the Warmth of Him
Who holds me in His hand?
I feel God on the morning Sun
And in the eventide
And never do I feel alone
He's always at My Side

Sijesh George
III[rd] BA Functional English

# TWO POEMS

## THE MASTER'S TOUCH

1



It's in the beauty around me
That I see you, lord, each day.....
The stately trees, fragrant blossoms,
As I go along my way.
Your love is all around me,
The fright blue sky above
The sum that shines upon me,
The call of the morning dove.
No artist can do it justice
With the stroke of a paint filled brush
He could never capture it all
The beauty of the MASTER'S TOUCH.

## NEVER ALONE

2

Though I may move a thousand miles
And leave good friends behind.
The most important me I know
Is always in my mind.
The scene may, change and climate chill
In strange and distant land, But still I feel the Warmth of Him
Who holds me in His hand?
I feel God on the morning Sun
And in the eventide
And never do I feel alone
He's always at My Side

ജാസ്മിൻ.പി.ജെ.
മൂന്നാം സെമസ്റ്റർ എം.എസ്.സി. എൺവയൺമെന്റൽ സയൻസ്.

# പക്ഷേ, ആ സ്നേഹത്തിന്...

ആ നീറുന്ന നൊമ്പരമാകുന്ന മയിൽപീലിയെ
വാനമല്ല, എന്റെ മനസ്സുപോലും കാണാതെ
സൂക്ഷിക്കുന്നതാണെനിക്കിഷ്ടം
മറ്റാരും അത് അനാവരണം ചെയ്യുന്നതെനിക്കിഷ്ടമല്ല,
നീ പോലും
ആലയിൽ തിളയ്ക്കുന്ന തങ്കംപോലെ
അബോധമനസ്സിന്റെ അഗാധ താഴ്വരകളിൽ കിടന്നു
പാകംവരുമ്പോൾ
സുന്ദരരൂപമുള്ള ഒരംഗുലീയമായി ഞാനതിനെ
പുറത്തെടുക്കും
അന്നതിന്
ലോകത്തിലൊരു തങ്കത്തിനും ഇല്ലാത്ത തിളക്കം ഉണ്ടാകും..
അത് പത്തരമാറ്റിന്റെ തിളക്കമല്ല,
മരിക്കുംവരെ ഒളിമങ്ങാത്ത സ്നേഹത്തിന്റെ തിളക്കം
തിളക്കമുറ്റ വൈഡൂര്യവും മരതകവും മാണിക്യവും
മനസ്സിൽ സ്ഥാനംപിടിക്കുമ്പോഴും
ജീവിതസായാഹ്നത്തിൽ, എന്റെ മനസ്സിൽ നോക്കിയാൽ
ദൈവം എന്റെ മനസ്സിൽ സ്ഥാപിച്ച
ഈ അംഗുലീയത്തിനായിരിക്കും തിളക്കം കൂടുതൽ
ഒളിമങ്ങാത്ത സ്നേഹത്തിന്റെ തിളക്കം
ആ തിളക്കം നിർമലമായ സ്നേഹത്തിന്റേതാണ്
പക്ഷേ, ആ സ്നേഹത്തിന്...



രാമക്കൽമേട്

**അഖില നന്ദകുമാർ**
ബി.എസ്‌സി. ഫിസിക്സ്



# സ്ത്രീകളും മാധ്യമവും


ഭാരതത്തിൽ സ്ത്രീകളുടെ വികാസം ഭരണഘടനാധിഷ്ഠിതമാണ്. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തന്നെ അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യവും, അവകാശങ്ങളെപ്പറ്റിയും പരാമർശിക്കുന്നതാണ്. ഭരണഘടനയിലെ 15-ാം അനുച്ഛേദനം, കൂടാതെ മതം, ഭാഷ, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിൽ ഉള്ള ഏതൊരു തരംതിരിവും മനുഷ്യന്റെ മൗലികാവകാശങ്ങൾക്ക് എതിരാണെന്നുള്ളതാണ് 14-ാം അനുച്ഛേദം. എന്നാൽ ഇത്രയധികം നിയമസംരക്ഷണമുണ്ടായിട്ടും, സ്വാതന്ത്ര്യാനന്തരം സ്ത്രീശാക്തീകരണംവഴി സ്ത്രീകൾക്കായുള്ള വിദ്യാഭ്യാസ പദ്ധതികൾ രൂപീകരിച്ചിട്ടും തൊഴിൽ മേഖലയിൽ സ്ത്രീ-പുരുഷസമത്വം പ്രാവർത്തികമായിട്ടുണ്ടോ? വിചിന്തനം ചെയ്യേണ്ട ഒരു ചോദ്യമാണത്. സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറച്ചു മാത്രമുള്ള ഒരു തൊഴിൽ മേഖലയാണ് മാധ്യമരംഗം. എന്താണ് മാധ്യമരംഗത്ത് സ്ത്രീകളുടെ സ്ഥാനം? പ്രശ്നങ്ങൾ പഠിക്കുമ്പോൾ സ്ത്രീ ഏറ്റവും കൂടുതൽ വിവേചനം അനുഭവിക്കുന്ന രംഗമാണിതെന്ന് വ്യക്തമാക്കുന്ന അനേകം സംഭവകഥകളാണ് നമ്മെ കാത്തിരിക്കുന്നത്.



ഷബ്ന ആസ്മി

മാധ്യമം എന്നതിനെ പൊതുവായി പത്രപ്രവർത്തനം, സിനിമ, ദൃശ്യമാധ്യമരംഗത്തെ നൂതനസൃഷ്ടിയായ ടി.വി. ജേണലിസം എന്നിവയായി തരം തിരിക്കാം. കനേഡിയൻ ചിന്തകയായ ജെംൻ ഹെഗ്ഗി ഒരിക്കൽ രാജ്യത്തെ മൂന്നു പ്രധാന പത്രങ്ങളെ അവയുടെ വാർത്തകളെയും, ലേഖകരുടെയും മാനദണ്ഡത്തിൽ വിശകലനം ചെയ്യുകയുണ്ടായി. അതിൽനിന്നും പുറത്തു വന്ന വസ്തുത സ്ത്രീപത്രപ്രവർത്തകർ പ്രധാനമായും സിനിമാനടികളുടെ ഇഷ്ടാനിഷ്ട

ങ്ങളെക്കുറിച്ചോ, രാഷ്ട്രീയക്കാരുടെ സ്വകാര്യ വ്യക്തിപര വിശേഷങ്ങളെക്കുറിച്ചോ മാത്രം വാർത്തകൾ എഴുതുന്ന ഒരു അവസ്ഥാവിശേഷമാണ് കണ്ടത്. നിലവാരമുള്ള ഒരൊറ്റ രാഷ്ട്രീയ, സാമ്പത്തികശാസ്ത്ര, ശാസ്ത്രകോളങ്ങൾ സ്ത്രീക ളിൽ നിന്നുണ്ടായില്ല. എന്തുകൊണ്ടാണ് മുഖ്യധാരയിൽ സ്ത്രീകൾക്ക് വിലക്കേർപ്പെട്ടത്? സങ്കീർണ്ണപ്രശ്നത്തെ ഉജ്ജ്വലമായ രീതിയിൽ അവതരിപ്പിച്ച സിനിമയാണ് പ്രശസ്ത സംവിധായകനായ മാധ്യർ ഭണ്ഡാർക്കറിന്റെ 'പേജ് ത്രീ' എന്ന സിനിമ. പക്ഷേ അതിനും ഒരു പുരുഷൻ തന്നെ വേണ്ടിവന്നു എന്നത് ആശ്ചര്യം. തീർച്ചയായും പുരുഷന്മാരുടെ കുത്തക യായ മാധ്യമരംഗത്ത് മേൽക്കൈ ഉറപ്പിക്കാൻ ആദ്യം ബുദ്ധിമുട്ടു ണ്ടാകും. പക്ഷേ സ്ഥിരതയാർന്ന അർപ്പണമനോഭാവത്തോടെ ജോലി ചെയ്താൽ സ്ത്രീയായാലും പുരുഷനായാലും പ്രശംസിക്കപ്പെടും. എന്നാൽ കുറച്ചുകൂടെ ആരോഗ്യകരമായ ഒരു സാഹചര്യം മാധ്യമരംഗത്തുനിന്നുണ്ടായാൽ സ്ഥിതി വളരെയധികം മെച്ചപ്പെടുമെന്നതിൽ സംശയമില്ല.





ഈ രംഗത്ത്, പ്രത്യേകിച്ച് ഇന്ത്യയിൽ, സ്ത്രീകൾ കുറവാണെ ങ്കിലും ഉള്ളവർ വളരെ പ്രതിഭാധരനരാണ്. ഒരു ഇടിവെട്ടുപോ ലുള്ള ഘോരമായ ഒരു രംഗപ്രവേശനമല്ല അവരുടെയെങ്കിലും അവർ എല്ലാവരും പ്രഭ ചൊരിയുന്ന നക്ഷത്രങ്ങളായി ഇന്നും വെള്ളിത്തിരയിലുണ്ട്. മീരാനായർ ഇന്ന് ഒരു ലോകോത്തര സംവിധായികയാണ്. മികച്ച സംവിധായകനായ അവരുടെ സൃഷ്ടിയുടെ മൂല്യം വിദേശ ചലച്ചിത്രമേളകളിൽ ഒരു അത്ഭുത മാണ്. കൂടാതെ രേവതി, അഞ്ജലി മേനോൻ, ലീന മണിമേഖല, ശ്രീ ബാല കെ മേനോൻ എന്നിവരുടെ സാന്നിദ്ധ്യവും പ്രസക്ത മാണ്. അധികം സ്ത്രീ പ്രാതിനിധ്യം ഇല്ലാതെ തിരക്കഥ മേഖലയിലും 'ഗുൽമോഹർ' എന്ന സിനിമയുടെ തിരക്കഥ നിർവ്വഹിച്ച ഭീദി ദാമോദരന്റെ പ്രവേശനവും സർഗധനരായ സ്ത്രീകൾക്ക് നൽകിയ പ്രതീക്ഷ മറിച്ചൊന്നുമല്ല. ഷാബാന, ആസ്മി, നന്ദിതാ ദാസ്, ഐശ്വര്യ റായ് എന്നീ നടികൾ ലോക പ്രശസ്തരാണ്. എങ്കിലും പ്രതിഭയുണ്ടായിട്ടും ചിലരെങ്കിലും ഇടയ്ക്കുവച്ച് യവനികയിൽ സ്വയം മറയുന്നു. വിവാഹശേഷം പലനടികളും സിനിമയോട് വിടപറയുന്നു. ഇതിന് കാരണം കുടുംബത്തിന്റെയും, സമൂഹത്തിന്റെയും ബോധമാണ്. പ്രചോദനമാണ്. വിവാഹശേഷം അഭിനയിക്കുന്നത് സഭ്യതയ്ക്ക് നിരക്കാത്തതാണെന്നാണ് പലരും ചിന്തിക്കുന്നത്. ഇത് തികച്ചും തെറ്റായ പ്രവണതയാണ്. കാര്യങ്ങൾ ശരിയായി പരിശോധിക്കു മ്പോൾ സ്ത്രീയുടെ ശരീരത്തെ സഭ്യമല്ലാത്ത രീതിയിൽ ചിത്രീ കരിച്ച് അവളെ ചൂഷണമം ചെയ്യുകയാണ് മിക്ക സിനിമാപ്രവർ



ലീല മേനോൻ


ശ്രീബാല കെ.മേനോൻ



മീരനായർ



നന്ദിത ദാസ്

ത്തകരും. ഇതിനായി 'ഐറ്റം ഡാൻസ്' എന്ന ഓമനപ്പേരും നൽകിയിട്ടുണ്ട്. നൂറിൽ ഒരു സിനിമയിൽ മാത്രമെ കഥാപാത്രത്തിന്റെ മേനി പ്രദർശനം ആവശ്യപ്പെട്ടിട്ടുണ്ടാവുകയുള്ളൂ. ഉദാഹരണത്തിന് ഒരു വേശ്യയുടെ മാനസിക സങ്കീർണതകളെ പ്രേക്ഷക സമക്ഷം അവതരിപ്പിക്കാൻ ശരീരം പ്രദർശിപ്പിക്കണമെന്നില്ലല്ലോ? പക്ഷേ പണത്തിന് വേണ്ടി ഈ സാഹസത്തിന് ഒരുമ്പെടുന്നവരെ ശക്തമായ ഒരു സംസ്കാരിക ഉദ്ബോധനത്തിലൂടെ നേരായ വഴിക്ക് കൊണ്ടുവരികയെ സാധ്യമായുള്ളൂ. ഇതിന് എതിരെ എല്ലാ സ്ത്രീകളെയും പ്രതികരിക്കാൻ തയ്യാറാകണം. നേതാക്കളുടെ പ്രതിഷേധം മാത്രമല്ല സ്ത്രീവർഗത്തിന്റെ കൂട്ടായ ഒരു പ്രവർത്തനത്തിനെ ഈ പ്രശ്നത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സാധിക്കൂ.

സിനിമകൂടാതെ സ്ത്രീകളുടെ പ്രാതിനിധ്യം കുറവുള്ള മേഖലയാണ് ജേണലിസം. എൻ.ഡി.ടി.വി.യിലെ ബർഖദത്ത്, മലയാളിയായ അനിത പ്രതാപ് എന്നിവർ ഈ രംഗത്തെ പ്രഗത്ഭമതികളാണ്. അഫ്ഗാൻ യുദ്ധ-ഭൂമി ജീവൻപോലും പണയം വച്ച് നേരിട്ട് സന്ദർശിച്ച് റിപ്പോർട്ട് ചെയ്ത അനിത പ്രതാപ് തന്റെ അനുഭവങ്ങളെഴുതിയ പുസ്തകമാണ് 'ചോര ചിന്തിയ ദ്വീപ്' സ്ത്രീകൾക്ക് ഒന്നും അസാധ്യമല്ല എന്ന് ഇവർ തെളിയിക്കുന്നു. ശക്തമായൊരു കടന്നുകയറ്റത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നതിന് തെളിവാണ് ഷാനി പ്രഭാകറും, അനുദിനം കൂടി വരുന്ന വനിതാ, റിപ്പോർട്ടർമാരുടെ എണ്ണവും തെളിയിക്കുന്നത്.

മാധ്യമരംഗത്ത് സ്ത്രീകളുടെ എണ്ണത്തിന് കുറവിന്റെ പ്രധാനകാരണം കുടുംബം സ്ത്രീയുടെ മാത്രം ജോലി എന്നു ചിന്തിക്കുന്ന വികലമായ സമൂഹമാണ്. പുരുഷൻ രാവന്തിയോളം ജോലിയെടുത്ത് വീടിനായി സമ്പാദിക്കുമ്പോൾ വീട്ടിൽ സമൂഹത്തിനോടു മറ്റു ഇടപെടലുകളൊന്നുമില്ലാത്ത പണ്ടത്തെ കാലത്ത് വീട്ടുജോലി സ്ത്രീകൾക്ക് ചെയ്യാം. പക്ഷേ ഇന്ന് സ്ത്രീകൾ പുരുഷന്മാരുടെ ഒപ്പം തന്നെ ജോലിയ്ക്കായി യോഗ്യരായി നിൽക്കുമ്പോൾ വീട്ടുജോലി, മക്കളുടെ വളർച്ച, വിദ്യാഭ്യാസം എന്നീ കാരണങ്ങൾ കൊണ്ട് സ്ത്രീകൾക്ക് മാധ്യമരംഗത്ത് അവസരം നിഷേധിക്കാമോ? ഇതിനൊരു പരിഹാരം കുടുംബത്തിന്റെ മൊത്തം ഒരു പ്രോത്സാഹനവും, പിന്തുണയും സ്ത്രീകൾക്ക് നൽകുക എന്നതാണ്. വീട്ടുജോലികളിൽ ഭാര്യയെ സഹായിക്കുന്ന ഭർത്താവും, മക്കളുമുണ്ടെങ്കിൽ ഏതൊരു സ്ത്രീയ്ക്കും മാധ്യമരംഗത്ത് ശോഭിക്കാം ഇതിലെല്ലാം ഉപരി തന്റെ ഭാര്യ അല്ലെങ്കിൽ തന്റെ അമ്മ, അമ്മയ്ക്കിഷ്ടപ്പെട്ട ജോലി




ഐശ്വ



രേ



അനിത



ഐശ്വര്യ റായ്

ചെയ്യുന്നതിനായി താൻ എല്ലാ പിന്തുണയും, സ്നേഹവും നൽകും എന്ന വിശാല കാഴ്ചപ്പാട് എല്ലാവരിലും വളരണം. ഇങ്ങനെയുള്ള ഒരു സാമൂഹിക ഉദ്ബുദ്ധനം വഴി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

സ്ത്രീയും പുരുഷനും തന്നെ ഓരോ പ്രശ്നത്തെ നോക്കിക്കാണുന്നത് രണ്ടു തലത്തിലാണ്. എല്ലാ പ്രശ്നങ്ങളിലും ഈ സ്ത്രീ കാഴ്ചപ്പാടിനും സ്ഥാനമുണ്ടാകണം. അതുകൊണ്ട് സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ മാധ്യമരംഗംവഴി തുറന്നുകാട്ടാൻ ഒരു സ്ത്രീയ്ക്കു മാത്രമെ സാധിക്കൂ. അതിനാൽ മാധ്യമരംഗത്ത് സ്ത്രീകൾ വളരേ ണ്ടതിന്റെ ആവശ്യകത തർക്കമറ്റതാണ്. ഇതുവഴി മാത്രമെ സ്ത്രീ-പുരുഷ സമത്വമുള്ള ഒരു സുന്ദരഭൂമി യാഥാർത്ഥ്യമാകൂ.



രേവതി

ഉദാഹരണമായി ഒരു ഹാന്ററി ക്യാമറയും മൈക്രോഫോണും മാക്ബുക്കുമായി സമൂഹത്തിലെ ഇരുണ്ട ഇടങ്ങൾ തേടി യാത്രയായ ലീന മണിമേഖല. ആർക്കോണം ജില്ലയിലെ അരുദ്ധതി സമുദായത്തിൽ പെൺകുട്ടികളെ ദൈവത്തിനായി അർപ്പിക്കുന്ന സമ്പ്രദായത്തിനെതിരെ യായിരുന്നു ആദ്യ ഡോക്യുമെന്ററിയായ 'മാതമ്മ' സിരുതൊണ്ടമാദേവി ഗ്രാമത്തിലെ ദളിത്സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളായിരുന്ന 'പാറൈ' എന്ന ഡോക്യുമെന്ററി. രണ്ടുസ്ഥലത്തും പിന്നീട് സർക്കാർ ഇടപെടലുണ്ടായി. സാമൂഹിക നീതി ഉറപ്പാക്കാതെ നടക്കുന്ന ആഗോളീകരണം. ദളിതർക്കും അധസ്ഥിതവർഗങ്ങൾക്കും ദുരിതം വിതയ്ക്കുന്നു എന്ന അന്വേഷണമായിരുന്നു. Break The Shackles' കൂടാതെ അവരുടെ വെയ്വസ്, ആഫ്റ്റർ, എ ഹോൾ, ദേവതൈകൾ, കണക്ടിങ്ങ് ലൈൻസ്, എ ഹോൾ ഇൻ ദ ബക്കറ്റ് തുടങ്ങിയ ഡോക്യുമെന്ററികളൊക്കെ അധസ്ഥിതരുടെയും സ്ത്രീകളുടെയും പ്രശ്നങ്ങളാണ് ചർച്ച ചെയ്തത്. പക്ഷേ 'സദാചാര പോലീസിന്റെയും' ഗവൺമെന്റിന്റെയും ഇടപെടലുകൾ ഇവരുടെ സൃഷ്ടി ജനങ്ങളിലേക്കെത്തുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു. രാഷ്ട്രീയ നിലപാടിന്റെ പേരിൽ സെൻസർ സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുമ്പോഴും അവർ തന്റെ സ്വാതന്ത്ര്യ-രാഷ്ട്രീയ പോരാട്ടം തുടരുന്നു എന്നത് നല്ല ഒരു പ്രതീക്ഷയാണ്.



അനിത പ്രതാപ്

രമ്യ.ആർ.മേനോൻ
3rd ബികോം.

# നാൾ വഴിയിൽ എപ്പോഴോ, എന്നെ സ്നേഹിക്കാൻ മറന്നുപോയ എന്റെ പ്രിയകൂട്ടുകാരി,,.....

അറിയാതെ, ഞാനെടുക്കുന്നു നിന്നിലേ-
ക്കെന്നറിഞ്ഞതിന്നും, ഓർക്കുന്നു ഞാൻ.
കണ്ടു ഞാൻ, നിൻ മിഴികളീറനാവുന്ന-
തെന്തേ; എൻ സാമിപ്യം കൊതിച്ചുവോ?
ഞാൻ പോലുമറിയാതെ, എന്നിലെ എന്നെ
ആ അശ്രുകണങ്ങൾ സ്വന്തമാക്കി.
അനുവാദം ചോദിക്കാതെൻ ഹൃത്തിനെ,
നിൻ സൗഹൃദം കൊണ്ട് നീ കീഴടക്കി.
തമസ്സിൽ, ഒരു തിരിനാളമെന്നപോൽ-
നീ എന്നിലെന്നും പ്രകാശമേകി,
നിൻ സ്നേഹസാന്ത്വനലാളനത്താൽ എൻ
വേദനയും, കളിചിരികളായി.
നമ്മൾ തൻ ഭ്രാന്തമാം സൗഹൃദത്തേ പരി-
ഹാസമാക്കിയവരേറയല്ലോ!
ഈ പാരിലൊന്നിനും, നമ്മെ പിരിക്കാൻ
കഴിവില്ലെന്നു നാം ഉറച്ചിരുന്നു
'നിർവചിക്കാനാവാത്ത ആത്മബന്ധം'
എന്നീ, സ്നേഹത്തെ നാം വിളിച്ചിരുന്നു.
കല്ലാകുമെൻ ഹൃത്തിലാദ്യകവിത-
യുണർന്നതും നിന്നെയോർത്തായിരുന്നു.
ഇത്രമേൽ എന്നിലലിഞ്ഞ നീയെന്തേ,,
ഒരു നാളിൽ, എന്നെ........ മറന്നുപോയി...?
ഓർമ്മകൾ നിന്നെ ഉണർത്താഞ്ഞിട്ടോ അതോ,
ഓളങ്ങൾ നിന്നെ വലിച്ചിഴച്ചോ?
നിന്നിലൂടെ, ഞാൻ സ്നേഹിക്കാൻ പഠിച്ചു,
മറക്കുവാൻ മാത്രം പഠിച്ചതില്ല!
കാലത്തിൻ കഴിവുകളൊന്നും ഈ എന്നിലെ
നിന്നെ, മറക്കാൻ തുണച്ചതില്ല!
എവിടേയ്ക്കായെൻ പ്രിയേ പോയ്മറിഞ്ഞു?
എന്നെ, ഏകയാക്കി നടന്നകന്നു?

ഇനിയെങ്ങാൻ, ഞാൻ നിന്നെ നോവിച്ചുവോ-
അറിഞ്ഞുകൊണ്ടില്ലീ നിമിഷം വരെ.
ആരും കൊതിക്കും, ആ സ്നേഹത്തിനീഞാൻ,
ഇനിമേലിൽ അർഹയല്ലായിരിക്കാം.
ആരും കൊതിക്കും, ആ സ്നേഹത്തിനീഞാൻ,
ഇനിമേലിൽ അർഹയല്ലായിരിക്കാം.
നമ്മൾ തൻ സ്നേഹത്തിനെതിരെത്തിരിഞ്ഞ
കണ്ണുകൾ നമ്മിൽ പതിച്ചിരിക്കാം.
ഏകാന്തതയും, ഒരു കൂട്ടിനെന്നപോൽ,
എൻ കൈ പിടിക്കാനണഞ്ഞതാവാം...............
എങ്കിലും, ഓർക്കിലും തീരാത്തസൗഹൃദ-
മേകിയ നീ പോയ്മറഞ്ഞതുള്ളൂ.
അറിയില്ലെന്തിനെന്നിന്നുമോ, തോരാ-
മഴയ്ക്കായുള്ളെന്റെയീ കാത്തിരിപ്പ്........
എത്ര ശഠിച്ചാലുമെൻ കുടക്കീഴിൽ,
ഒരു നാൾ നീയെത്തുമെന്നോർത്തിട്ടാവാം.

Dijo Paul
II[nd] B.A, F. English

# Dream

Everyone calls him ‘Hitler”, children. But he was not that much cruel as German Nazi Hitler. Even then he liked that name. In the early morning he was waiting for the red light in the traffic signal at road, because the want to cross the road to reach his home.

He was too eager to see his sweet heart and pretty child. He became a father of a pretty blue eyed child only just before one month. So everyone is waiting for his valuable presence.

Next moment he noticed the red light in the traffic signal. Thinking of his sweet heart and pretty child in his heart he started to cross the road. But next moment one petrol drinking machine breaking all the traffic rules and passed through his body. His body scattered into many pieces and his hot blood decorated the black road. His sweet memories along with his spirit raised into high. No one noticed the accident, but someone whispered “these dirty dogs are always curse to our city”.

സാക്ഷ്യം

രഹന എം.എ.
എം.എസ്‌സി. സുവോളജി

# ഒരു രാഖിയുടെ ഓർമ്മയ്ക്ക്...........

"ഉച്ചയ്ക്ക് 1.30ന് കോളേജ് ഓഡിറ്റോറിയത്തിൽ ഗാനമേളയുണ്ട്, പോരുന്നോ?

ഞാൻ പുസ്തകത്തിൽ നിന്നും മെല്ലെ മുഖമുയർത്തി. ചോദ്യം അരോചകമായി ത്തോന്നി എങ്കിലും മുഖത്ത് കാണിച്ചില്ല. "മനസ്സിരുത്തിയുള്ള വായനയ്ക്ക് ചോദ്യം ഒരു തടസ്സമായിരിക്കുന്നു. "മനസ്സിരുത്തി" എന്ന പ്രയോഗത്തിന് മാപ്പ് കാരണം വായനയ്ക്കിടയിലും മനസ്സ് എവിടെയോ അലഞ്ഞ് തിരിയുകയായിരുന്നു. കുറച്ച് നാളുകളായി മനസ്സ് ഇങ്ങനെ സംഘർപ്പെട്ടിട്ട്. അതു തണുപ്പിക്കാനാണീ വായന. അങ്ങിനെ ഈ മാസം വായിച്ചുതീർത്തത് 17 പുസ്തകങ്ങൾ... അതിൽ മാധവിക്കുട്ടിയും എം.ടിയും ഖലീൽ ജിബ്രാനും സുധീരയും പെരുമ്പടവവും എല്ലാം പെടും.

"നീ എന്താ ചിന്തിക്കുന്നെ"? ചിന്താധാരയെ കീറിമുറിച്ചു കൊണ്ട് വീണ്ടുമൊരു ചോദ്യം.

"ഞാനും കൂടാം" മറുപടി പറഞ്ഞു. ആദ്യത്തെ ചോദ്യത്തിന്. രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം. അതെനിക്കു തന്നെ അറിയില്ലല്ലോ...?

* * *

ഓഡിറ്റോറയത്തിന്റെ ഇരു വശത്തും അലമാന്റ നട്ടുപിടിപ്പിച്ചിരിക്കുന്നു. മുറ്റത്തൊരു പോലീസ് ജീപ്പ് ഇന്നൊരു അടിക്ക് കോളുണ്ടെന്ന് തോന്നുന്നു. കയ്യിലിരുന്ന് 'ആനന്ദിന്റെ' നാലാമത്തെ ആണി വരെ വിറച്ചു. എല്ലാവരും ആടാനുള്ള ത്രില്ലിൽ ബാൽക്കണിയിൽ സീറ്റ് പിടിച്ചിരിക്കുന്നു. ഉച്ചയ്ക്ക് ഊണു പോലും വേണ്ട എന്നു വെച്ചുള്ള മഹാത്യാഗം. സ്പീക്കറിന്റെ സൈഡിൽനിന്നും കുറച്ച് മാറി ഒരിടത്ത് സ്വസ്ഥമായിരുന്നു. ബാൽക്കണിയിൽ ഇരുന്നവരിൽ ചിലർ പുച്ഛിച്ചൊന്നു നോക്കി. മേൽത്തട്ടുകാരന് കീഴ്ത്തട്ടുകാരനോട് തോന്നുന്ന അടങ്ങാത്ത വെറുപ്പ് ഇതാ ഇവിടെയും.

അകത്ത് നിലനിന്നിരുന്ന ഇടിമുഴക്കം മനസ്സിനെ കൂടുതൽ പ്രക്ഷ്യുബ്ധമാക്കി. ഞാൻ കയ്യിലിരുന്ന ബുക്കിലേക്ക് നോക്കി. ഇല്ല... ഇനി വായിക്കാൻ കഴിയില്ല. അവിചാരിതമായാണ് ഒരുവന്റെ കയ്യിലെ രാഖി എന്റെ കണ്ണിൽപ്പെട്ടത്. അതെന്റെ ഓർമ്മകലെ റിവേഴ്സ് ഗീറിലാക്കി. 9 വർഷം പുറകിലോട്ടൊരു യാത്ര...

"ഒരു കഥ... കഴിയുമായിരുന്നിട്ടും വെറുതെ എഴുതാതെ പോയ ഒരു കഥ. ഇന്നാ കഥ വായിച്ചുകേൾപ്പിക്കാൻ അരികിൽ അവൻ ഇല്ലാതെ പോകുന്നു. അവളും... റിസ! അവളുണ്ടാകും. ഏതോ ഒരു റെസ്ക്യൂഹോമിന്റെ ഇരുണ്ട അകത്തളങ്ങളിൽ ക്യാൻവാസിൽ കണ്ണുനീർകൊണ്ട് ജീവിതം വരച്ചുചേർത്ത്, പട്ടുതുണികളിൽ ചങ്കിടിപ്പു കൊണ്ട് ദുഃഖം നെയ്ത്... പക്ഷേ എന്റെ "അച്ചാന!" അവനിപ്പോൾ എവിടെയാവും? മനസ്സു നിറയെ സ്നേഹവും കണ്ണുകളിൽ ദൈവീകതയുമുണ്ടായിരുന്ന

എന്റെ കൂട്ടുകാരൻ. ഏതൊരു നിരപരാധിക്കു മേലും സമൂഹം അടിച്ചേൽപ്പിക്കുന്ന "പ്രണയം" സൗഹൃദത്തിന് വിലങ്ങുതടിയാവുമെന്ന് മാത്രം ഓർത്തു മാത്രം ഒഴിഞ്ഞു മാറിയിട്ടുണ്ട് പലപ്പോഴും. എനിക്കെല്ലാമായിരുന്നു അവന്റെ സഹോദരി റിസ. പക്ഷേ എന്റെ മനസ്സിലെ തെറ്റുകാരികളുടെ പട്ടികയിലേക്ക് അവളും വലിച്ചിഴയ്ക്കപ്പെട്ടത് എങ്ങനെ എന്നെനിക്കറിയില്ല. കാലവും പ്രായവും ചീത്ത സുഹൃത്തുക്കളെ പോലെ അവളുടെ ചുറ്റും കുമിഞ്ഞുകൂടി അവളെക്കൊണ്ട് തെറ്റുകൾ ചെയ്യിക്കുമ്പോൾ... ഇതൊന്നുമറിയാതെ മനസ്സു നിറയെ സ്വപ്നവും, സ്നേഹവും പ്രതീക്ഷയും നിക്ഷേപിച്ച് തനിക്ക് വേണ്ടി ജീവിക്കാൻ മറന്ന് അവൻ ജീവിച്ചു ഒടുവിൽ മനസ്സാക്ഷിയുടെ കാവൽ ഭടന്മാർ തോക്ക് ചൂണ്ടി ഭീഷണിപ്പെടുത്തിയപ്പോൾ 4 ചുമരുകൾ കുമ്പസാരക്കൂടാക്കി മനസ്സിൽ ദഹിക്കാതെ കിടന്നതുമുഴുവൻ ഛർദ്ദിക്കുമ്പോൾ.... അവനിൽനിന്നും പ്രതീക്ഷിച്ച പൊട്ടിത്തെറികളെല്ലാം ഒരു മൗനത്തിന് വഴിമാറിക്കൊടുത്തപ്പോൾ അവനെക്കുറിച്ചോർത്ത് അവനറിയാതെ ഞാൻ ആദ്യമായ് കരഞ്ഞു. തോളിൽ തട്ടി "വേദനിക്കരുത്" എന്നു പറയാമായിരുന്നിട്ടും അവനുവേണ്ടി ഉയരാതെ പോയ വലതുകൈയും അതിൽ മരണം കാത്തു കിടക്കുന്ന സ്വർണ്ണമഷി കൊണ്ട് പേരെഴുതിയ കറുത്ത മോതിരവും ഇന്നും എന്നെ ശപിച്ചുകൊണ്ട് എന്റെ കൂടെ കഴിയുന്നു.

എങ്കിലും തിരശ്ചീന സ്വഭാവം കാണിക്കുന്ന സംക്രമാണ് മൂലകം പോലെ എല്ലാം സ്നേഹത്തിന് വഴിമാറുകയായിരുന്നു. എഴുതാൻ ഏറെ ആഗ്രഹിച്ചിട്ടും എഴുതാൻ കഴിയാതെ പോയ കവിതപോലെ ആ സ്നേഹം മനസ്സിൽ സംഘർഷം സൃഷ്ടിച്ചിരുന്നെങ്കിൽ ഞാനതിനെ 'പ്രണയം' എന്നും വിളിച്ചേനെ. പക്ഷേ അതൊരു സംഘർഷവും സൃഷ്ടിച്ചില്ല. തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അവനെന്നെ ശാസിച്ചിരുന്നെങ്കിൽ കുറിച്ചിടാമായിരുന്നു. 'സൗഹൃമെന്ന് അതുമുണ്ടായില്ല. ഒടുവിൽ വളരെ വൈകിയാണെങ്കിലും തിരിച്ചിറിഞ്ഞു ആ സ്നേഹത്തിന്, ഒരിക്കലും എനിക്കില്ലാതെ പോയ ഒരേട്ടന്റെ വാത്സല്യത്തിന്റെ നിറമുണ്ടെന്ന്. "നോക്കീം കണ്ടുമൊക്കെ നടന്നോളൂട്ടോ" എന്ന നിന്റെ ശാസനയിൽ ജീവിതത്തിന്റെ നേർക്കാഴ്ചകൾ ഉണ്ടായിരിക്കണം. എങ്കിലും നീയത് പറയേണ്ടിയിരുന്നത് റിസയോടായിരുന്നു.

ഒരിക്കൽ ഞാനവളെ കണ്ടു. സ്പെഷ്യൽ പെർമിഷനുമായി. കണ്ണുകളിൽ നിറകവിഞ്ഞിരുന്ന കണ്ണുനീർ എന്നിൽ നിന്നും മറച്ചുപിടിക്കാൻ ശ്രമിച്ചിട്ടും തറയിൽ വീണുടഞ്ഞ് ആയിരം സ്ഫടികക്കല്ലുകളായ് ചിതറിത്തെറിച്ചു. അതൊരു മാപ്പ് പറച്ചിൽ മാത്രമായിരുന്നോ? അതോ നീ ഈ ലോകം വിട്ടു പോയതറിയാഞ്ഞിട്ടും അവളുടെ അവകാശം പൂർത്തിയാവാൻ... പിന്നെ നിന്റെ ശവകുടീരത്തിനലങ്കാരമാവാൻ കാലം ചെയ്യിച്ചതോ?

എഴുതിയ കത്തിൽ പറയാതെ പോയ വാക്കുകളും നിറയാതെ പോയ കണ്ണുകളുമുണ്ടായിരുന്നു. നിനക്കോ അവൾക്കോ വേണ്ടി എന്റെ കണ്ണുനിറഞ്ഞെങ്കിൽ ഒരു പക്ഷേ... നീ പറയുന്നതാണ് ശരി. ഏത് രണാങ്കണത്തിലും ചിരിച്ച് നിൽക്കാനെ എനിക്ക് കഴിയൂ. അതെന്റെ പക്വതക്കൂടുതൽ കൊണ്ടല്ല... കുറവ് കൊണ്ടായിരിക്കണം. ജീവിതം തന്നെ എനിക്കൊരു തമാശയാണ്. "മൂല്യ രാഹിത്യമല്ല മൂല്യ സംഘർഷമാണ് ഇന്നത്തെ തലമുറയുടെ പ്രശ്നം" എന്നു പഠിപ്പിച്ച അദ്ധ്യാപിക യഥാർത്ഥത്തിൽ തലച്ചോറിൽ പടർന്നു പന്തലിച്ചിരുന്ന മാറാല നീക്കുകയാണ് ചെയ്തത്. എന്നിട്ടും മൂല്യബോധമില്ലാതെ നഷ്ടങ്ങളിൽ പോലും ഞാനിപ്പോഴും ചിരിക്കുന്നു. "എല്ലാ നഷ്ടങ്ങൾക്കും ഒരിഷ്ടത്തിന്റെ കഥ പറയാനുണ്ടാവും. പക്ഷേ എന്റെ ഇഷ്ടങ്ങൾക്ക് പലപ്പോഴും നഷ്ടത്തിന്റെ കഥയാണ് പറയാനുള്ളതെന്ന്" നീ ഒരിക്കൽ പറഞ്ഞതോർക്കുന്നു. അപ്പോഴും ഞാൻ ചിരിച്ചു.

എവിടെയാണ് പിഴച്ചതെന്ന് എനിക്കറിയില്ല. എങ്കിലും എന്നോട് പറയാതെ നീ ചിലത് ചെയ്യുമ്പോ പിണങ്ങാനും പരിഭവിക്കാനും പിന്നെയൊന്ന് കണ്ണു നനയ്ക്കാനുമായി നീ എനിക്ക് തന്ന സ്വാതന്ത്ര്യം, ഒരു നാൾ ഒരു കോടമഞ്ഞി (നവംബറിലെ) മനസ്സിൽനിന്നും മരണത്തിലേക്ക് ഇറങ്ങിപ്പോകുമ്പോഴും ഒരു പിൻവിളിയായി നിന്നെ പിന്തുടരുമെന്ന് നീ കരുതിക്കാണും പക്ഷേ ചങ്കിലുടക്കി പുറത്തേക്കൊഴുകാൻ കൊതിച്ച പേരിനെ നീ ഒരു നാൾ എന്നിൽനിന്നും എന്റെ ഹൃദയത്തിന്റെ അടിത്തട്ടിലേക്ക് വലിച്ചെറിഞ്ഞു കളഞ്ഞ എന്നിലിരുന്ന് തുരുമ്പിച്ച, അതേ മൗനത്തിന്റെ കരാള ഹസ്തങ്ങൾ വിരിഞ്ഞു മുറുക്കുകയും സമൂഹമൊന്നാകെ കാളകൂട സർപ്പങ്ങളായി ഹൃദയത്തിലേക്ക് വിഷം ചീറ്റുകയും ചെയ്തിരുന്നു. ആ മഞ്ഞു വഴിയാകെ നിന്റെ ശ്വാസം കുറിച്ചിട്ടുപോയ എന്റെ പേരിപ്പോൾ ഉരുണ്ടുകൂടി വെറുമൊരു മഞ്ഞുകണമായി ഒരു പുൽക്കൊടിയുടെ മുൾമുനയിൽ മരണം കാത്തുകിടക്കുന്നു. പക്ഷേ ഒരു നാളും ഉദിക്കാതെ പോയ സൂര്യൻ വേദനകൾ മാത്രം ബാക്കി നൽകി ഒരു ഇരുണ്ട മഞ്ഞു കൊട്ടാരം മാത്രം എനിക്കു ചുറ്റും അവശേഷിപ്പിച്ചിരിക്കുന്നു.



ഒരു നാൾ ഏറെയെഴുതാനുണ്ടായിരുന്നിട്ടും നിനക്കായ് ചലിക്കാതെ പോയ എന്റെ തൂലികയും, നിന്റെ സ്നേഹത്തിന്റെ തണലേൽക്കാതെ പോയ എന്റെ ഡയറിത്താളുകളിലെ സമാന്തരരേഖകളും തീരാദുഃഖമാണെന്നിരിക്കെ... ഹൃദയത്തിൽ ഒരു താൾ അവശേഷിപ്പിക്കാൻ കഴിഞ്ഞല്ലോ എന്നോർക്കുമ്പോൾ സന്തോഷം. ചിന്തിച്ചു കൂട്ടിയതൊക്കെയും തെറ്റെന്നു തോന്നുന്ന ഒരു കാലത്ത് നിന്റെ സ്നേഹത്തെ ഞാൻ ശപിച്ചേക്കാം... മനസ് അതിന് കൂട്ടാക്കിയില്ലെങ്കിൽ പോലും... ഏറെ മോഹിച്ച് കെട്ടാൻ കൊതിച്ച് ഞാൻ വാങ്ങി വച്ച 'ആ രാഖി' ഇപ്പോഴും ഓഗസ്റ്റ് 23 ന്റെ ഡയറിത്താളുകളിൽ ഇരുന്നെന്നെ കൊഞ്ഞനം കുത്തുന്നുണ്ട്. അറ്റം അഴിഞ്ഞു തുടങ്ങിയ ആ രാഖി, എന്നമൊരു വേദനയാണെനിക്ക്.... ഹൃദയം നുറുങ്ങുന്ന വേദന ഓഡിറ്റോറിയത്തിൽ ഒരു മഴപെയ്തു തോർന്ന ശാന്തത. പക്ഷേ മനസ്സിലിപ്പോഴും പേമാരിയും ഇരമ്പിയാർന്ന കടലുമൊക്കെ തന്നെ. മനസ്സിന്റെ കടലിൽ അസ്തമിക്കാൻ വെമ്പുന്ന സൂര്യൻ. കടൽക്കരയിൽ തനിച്ചാക്കപ്പെടുന്ന ഞാനും. മനസ്സിൽ ഒരു അഴിക്കോടൻ കാറ്റിനും തകർക്കാനാവാത്ത ആത്മവീര്യത്തിനറെ തിരയിളക്കം. കടലിൽ താണ സന്ധ്യയും, കൂടണയാൻ വെമ്പുന്ന കടൽക്കാക്കയും തിരയൊഴിഞ്ഞ കടലും, നനവ് വറ്റിയ മണൽ തരികളും ഇവിടെ അവശേഷിക്കുന്ന മൗനവും എല്ലാം നിതാന്തസ്നേഹത്തെ ഓർമ്മിപ്പിക്കു മെങ്കിൽ, കഥയോ കഥാപാത്രങ്ങളോ ഇല്ലാത്ത മനസ്സുമായി യാത്രയാകും മുമ്പ്, പടരുന്ന തിരകൾ മായ്ക്കില്ലെങ്കിൽ മാത്രം, നിനക്കായ് ഈ തീരത്ത് കുറിച്ചിടാൻ പണ്ടെന്നോ ആരോ പറഞ്ഞു കേട്ട വരി കടമെടുക്കുന്നു.

"ഇന്ന് ഞാൻ നിന്റെ കല്ലറയിൽ വച്ച പനിനീർപ്പൂക്കൾ അന്ന് ഞാൻ നിന്റെ കയ്യിൽ തന്നിരുന്നെങ്കിൽ ഇന്ന് നീ ജീവിച്ചിരുന്നേനെ"

ഓഡിറ്റോറിയത്തിന്റെ പുറത്ത് പോലീസ് ജീപ്പുണ്ടായിരുന്നില്ല. മുറ്റത്ത് പതിച്ച വെള്ളാരം കല്ലുകളിൽ ഇനിയും ഉണങ്ങിയിട്ടില്ലാത്ത നിണപ്പാടുകൾ. എല്ലാ മുഖങ്ങളിലും ദുഃഖത്തിന്റെ നിഴലുകൾ... പൊട്ടിയ ചെടിച്ചട്ടികൾക്കടുത്ത് ഹോക്കിസ്റ്റിക്കുകൾ... എല്ലാം നോക്കി 'ഞാനൊന്നു ചിരിച്ചു. കാരണം ജീവിതം എനിക്കൊരു തമാശയാണല്ലോ?

**ബിസ്റ്റൻ.കെ.എസ്.**
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്



# സ്വാതന്ത്ര്യവും മതേതരത്വവും
## അവതാരത്തേയും പ്രതീക്ഷിച്ച്

എല്ലാ മതങ്ങളേയും സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ മാതാചാരങ്ങളിലും അധിഷ്ഠിതമായി ജീവിക്കുവാൻ അവകാശവുമുള്ള ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ് ഇന്ത്യ. ഇന്ന് ലോകത്തിലുള്ള പതിനൊന്നു ലോകമതങ്ങളിൽ ഏഴും ഇന്ത്യയിലുണ്ട് എന്നതുതന്നെ അത്ഭുതാവഹമാണ്. ഭാരതീയ പൈതൃകവും സംസ്ക്കാരവും എന്തൊക്കെ പറയുന്നത് ഒരു പ്രത്യേക മതത്തിന്റെ സംസ്കാരത്തെയോ മറിച്ച് സിന്ധുനദീതട സംസ്ക്കാരത്തിന്റെ മുഴുവൻ വിസ്തൃതിയെയുമാണ് വിവക്ഷിക്കുന്നത്.


നൂറുവർഷങ്ങൾക്കുമുമ്പ് ചിക്കാഗോയിൽ നടന്ന ലോകമത സമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ അമേരിക്കക്കാരെ സഹോദരി സഹോദരന്മാരേ എന്നു പറഞ്ഞപ്പോൾ എല്ലാ സഭാംഗങ്ങളും ഒരു നിമിഷം എഴുന്നേറ്റു നിന്നു കരഘോഷം മുഴക്കി. 1893 സെപ്റ്റംബർ 11ന് ചിക്കാഗോയിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. സർവ്വജനനീയമായ സഹിഷ്ണുതയിൽ വിശ്വസിക്കുന്നതോടൊപ്പം സർവ്വമതങ്ങളും 'സത്യമാണെന്ന്' വിശ്വസിക്കുവാൻ ഞങ്ങൾ സന്നദ്ധരാണ്. അദ്ദേഹത്തിന്റെ ഉറച്ച ഈ വാചകങ്ങൾ എല്ലാം തന്നെ ഭാരതീയ സംസ്ക്കാരത്തിന്റെയും മതേതരത്വത്തിന്റെയും മാതൃകയാണ്.

ഭാരതീയ പൗരന് രാജ്യത്ത് എവിടേയും ജീവിക്കാനുള്ള അവകാശമുണ്ടെന്ന് നമ്മുടെ ഭരണഘടന പറയുന്നു. ഒട്ടേറെ സംസ്ഥാനങ്ങൾ ചേർന്ന് ഒരു യൂണിയനാണ് ഭാരതമെന്നും, ഇവിടെ ഒരൊറ്റ പൗരത്വമാണെന്നുള്ളതൊന്നും ഇന്ത്യൻ പൗരന് രാജ്യത്ത് എവിടെ വേണമെങ്കിലും സഞ്ചരിക്കാമെന്നും, ജോലിയോ, കച്ചവടമോ, ചെയ്തു ജീവിക്കാമെന്നും ഭരണഘടന പറയുന്നുണ്ട്. എന്നാൽ 'എട്ടിലപ്പടി, പയറ്റിലിപ്പടി' എന്ന ചൊല്ലുപോലാണ് ഇവിട നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വിളിച്ചോതുന്നത്. ഇ ന്ത്യയിലെ ശിഥില പാർട്ടികളുടെ ആവിർഭാവം വ്യക്തിരാഷ്ട്രീയത്തിന്റെ തുടക്കമായിരുന്നു. വ്യക്തി രാഷ്ട്രീയത്തിന്റെ വളർച്ച സ്വാർത്ഥതാല്പര്യസംരക്ഷണക്കാരുടെ വളർച്ചയായിരുന്നു. ജാതി, മതം, വർണ്ണ വിവേചന ചിന്തകൾ അഗ്നിശക്തിപോലെ പടർന്ന് സമൂഹത്തിന് ഒരു ശാപമായി തീർന്നിരിക്കുകയാണിവിടെ. ഈ ചിന്തകളെല്ലാം പാർട്ടികളായി വേരുപിടിച്ചുവളരാൻ പരുവത്തിലുള്ള ഒരന്തരീക്ഷമാണ് ഇവിടുത്തെ ഭരണാസംവിധാനം ജനായത്തത്തിന്റെ പേരിൽ ഒരുക്കി വെച്ചിരിക്കുന്നത്. കാക്കത്തൊള്ളായിരം പാർട്ടികളുണ്ടെങ്കിലും, ദേശീയനിലവാരത്തിൽ എത്തിച്ചേരാൻ കുറച്ചു പാർട്ടികൾക്കു മാത്രമേ കഴിഞ്ഞിട്ടുള്ളൂ. മറ്റുള്ളവ ഓരോ

പ്രദേശങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ഈ പാർട്ടികളെല്ലാം ഭാരതത്തിന്റെ അഖണ്ഡതയിലും, മതേതരത്വത്തിലും അധിഷ്ഠിതമായ ഭരണഘടനയെമാനിക്കുന്നവരാണോ, രാജ്യനന്മയെന്ന മഹിമയാണോ ഇവരിൽ വളരുന്ന ചിന്താഗതിയെന്ന കാര്യവും ചിന്തനീയ വിഷയങ്ങളാണ്.

മിഴിയിങ്ങും, മനമങ്ങും എന്ന വിധത്തിൽ പ്രവർത്തനശൈലികളുള്ള രാഷ്ട്രീയക്കാർ, ജനസേവത്തിന്റെ ലേബലും പതിച്ച് രാഷ്ട്രം നന്നാക്കാനെന്ന വ്യാജേന വിനാശത്തിന്റെ വിത്തുകളാണു വിതച്ചുകിളിർപ്പിച്ചു കൊണ്ടിരിക്കുന്നതെന്ന സത്യം കഴുതകളായ പൊതുജനം മനസ്സിലാക്കുന്നില്ല. ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളുടെയും സഹനശക്തിയും, പ്രതികരണമില്ലായ്മയും, സുഖലോലുപതയും, രാഷ്ട്രീയക്കാർക്ക് വളർന്നു പന്തലിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. മതേതരരാഷ്ട്രമെന്ന് പ്രഖ്യാപിക്കപ്പെട്ട രാജ്യത്ത് മതത്തിന്റെ പേരിൽ കൊല്ലും, കൊലയും, കൊള്ളിവെപ്പും എന്തുകൊണ്ട് നടക്കുന്നു? ദേവാലയങ്ങൾ എന്തിനു തല്ലിതകർക്കുന്നു. എല്ലാ മേഖലയിലും തുല്യപ്രാധാന്യവും, അവകാശവും, അനുവദിച്ചിട്ടുള്ള, നമ്മുടെ പ്രസിഡന്റുപോലും ഒരു വനിത ആയിരിക്കെ രാജ്യത്തുടനീളം സ്ത്രീകളുടെ ചാരിത്ര്യം എന്തേ അപഹരിക്കപ്പെടുന്നു? ദളിത സ്ത്രീ കൾ എന്തേ അവർണ്ണരാൽ അപമാനിക്കപ്പെടുന്നു?

വേണ്ടത്, വേണ്ടപ്പോൾ, വേണ്ടിടത്തു ചെയ്യാൻ ഭയക്കുന്ന കുറേ രാഷ്ട്രീയ ഭീരുക്കൾ രാജ്യം ഭരിച്ച് നാനാവിധമാക്കുന്നു. രാജ്യം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരങ്ങൾ കണ്ടുപിടിച്ച് സമത്വസുന്ദരവും, ശാന്തിയും, സമാധാനവും നടമാടുന്നതുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ ഓരോ ഭാരതീയനും ബാദ്ധ്യസ്ഥനാണ്. ഭരിക്കാനറിയാത്ത ഉത്തരവാദിത്വമില്ലാത്ത രാഷ്ട്രീയക്കാർ രാഷ്ട്രീയം ഉപേക്ഷിച്ച് സന്ന്യാസത്തിനു പോകുന്നതാവും നല്ലത്. മനുഷ്യന് മനുഷ്യരെ മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടാണ് മതങ്ങളുടെ പേരിൽ വർഗ്ഗീയ സംഘട്ടനം നടക്കുന്നത്. ഇവിടെ സൗഹൃദ മനോഭാവ ത്തിൽ നാം ജീവിച്ചില്ലെങ്കിൽ വിദേശശക്തികളുടെ കടന്നുകയറ്റം രാജ്യത്തെ ഛിന്നഭിന്നമാക്കും. നാശത്തിനു ശേഷം ജാഗരൂകരാകുന്ന തിനേക്കാൾ നല്ലത്; നല്ല കാലങ്ങളിൽ ഐക്യദാർഢ്യത്തോടെ ജീവിച്ച് രാജ്യത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതാണ്.




എവിടെയും നട്ടെല്ലില്ലാത്ത രാഷ്ട്രീയ പാർട്ടികളുടെ ഗവൺമെന്റുകൾ നോക്കുകുത്തികളാകുമ്പോൾ ഇവിടെ നിത്യന്യായങ്ങൾ തീർത്ഥയാത്രയ്ക്കുപോയി, എന്നു തോന്നിയാൽ അതിശയിക്കേണ്ടതില്ല. പണ്ട് പാശ്ചാത്യ ഭരണത്തിൽനിന്ന് ഭാരതത്തെ മോചിപ്പിക്കാൻ ഒരു മഹാത്മാഗാന്ധി ഉണ്ടായിരുന്നു. അദ്ദേഹത്തെയും കൊന്നൊടുക്കിയ നിഷ്ഠൂരരായ നാം സ്വയം തീർത്ത പാരതന്ത്ര്യത്തിന്റെ പടുകുഴിയിൽ വീണിരിക്കുകയാണ്. ഇവിടെനിന്നു നമ്മെ കരകയറ്റി നേർവഴിക്കു തിരിച്ചുവിടാനായി ഏതെങ്കിലും ഒരു പുണ്യാത്മാവ് വന്നു ചേരുമോ?... എല്ലാം സഹിച്ചുകൊണ്ട് നമുക്ക് കാത്തിരിക്കാം.

Sijesh George
IIIrd BA Functional English

# Globali...

In the modern times, we are living in a period of globalization; because of technological advancement it is possible to have a physical expression of globalization. Globalisation refers to an expansion beyond national borders that includes all aspects of human life and culture, but particularly related to spheres of business, science and technology. It is the dominant theme of multinational corporations and the world media with its worldwide coverage of the news. We find people of all races, nationalities and religions participating in a global exchange of information, ideas and commodities. Just as mentioned above it is possible to have globalization of idea.

Globalization is used to refer to the increased worldwide movement of information, commodities, capital and people (Macionis, 19984). It tends to establish a "global village" where there will be "commonality" speeded by mass communication, transport and travel. Thus, globalization comprises all the process by which the people of the world are incorporated in a "single world society". The first phase of Globalization was plainly governed, primarily, by the expansion of the west, and institutions, which originated in the west—(but) increasingly there is no obvious 'direction' to globalization, then should not be confused with the preceding one; whose structures its acts increasingly to subvert (cited Tomlinson, 1996:30). So one view emphasizes homogenization under western cultural dominance, while, the other speaks of increasing interconnection with scope for different cultures to subvert dominance.

Today the developing nations are facing two opposing cultural and historical processes: Globalization and Subaltern Movements. Globalization is the most spoken and discussed term today. It is the integration of national economies leading to the nation of a borderless global or planetary economy. It attempts to bring the different economies under one roof in order to develop a global village. But it does not function as aimed. It could not bring up a global economy. Rather the results of Globalization became exploitation, consumerism, culture deterioration and

corruption. The distance between North and South became greater. For the developing nations globalism became a necessary evil. The present critical commercial situation compels the developing nations to be consumed by the globalization.

There are protesting movements against globalism by those who consider globalization as the radical challenge to their cultural, political and economic conditions. These movements are generally called Subaltern Movements. These movements consider globalization as a fierce attack on the cultural identity, political autonomy and economic freedom of the developing nations.

The fact is that a few developed nations are controlling the world's economy. They create most of the new technology; control most of the banks including the WB and the IMF and even the UN functions under their finger point. Most of the multinational corporations are the products of developed nations. They control the supply of the raw materials, human power, finance and technology around the world. The developing nations find themselves dependent on these developed nations, though they have received freedom from colonialism. The developing nations are indebted to the so-called G-8 nations, the integration of eight developed nations and to the international institutions like the IMF and the WB. So we can say that the developing nations are still under the clutches of colonialism in a new form and idea.

The globalization of information and communication technology, with its worldwide technological innovation in electronic infrastructure has led to a substantial cost reduction for the acquisition of information and access to global communications.

**കിരൺ ബാബുരാജ്.കെ.കെ.**
ഗണിതം, ഒന്നാംവർഷം



## നക്ഷത്രത്തെ പ്രണയിച്ച മഴത്തുള്ളി നീയറിയുന്നോ?

തെന്നലോടൊത്തുവന്ന മഴയിൽ
നിൻ കൊഞ്ചലുകൾ കിലുങ്ങുന്നു
കാണാമറയത്തെ നിൻ മിഴികളിൽ
കാണുന്നു ഞാൻ നിൻ കിനാവുകൾ
മഴപെയ്തു പിന്നെ, പോയതറിയാതെ
എന്തിനോ- വേണ്ടി അവൾ തേങ്ങുന്നു
ആരാരും അറിയാതെ
എന്തിനെന്നറിയാതെ..........
പെയ്തു തോർന്ന ആകാശം പോലെ
മനസ്സ് ശ്യൂന്യമാകുന്നു
പെയ്ത മഴയ്ക്കറിയുമോ
നീയറിയുന്നോ, പ്രിയമൗനമേ
എന്റെ സന്തോഷം, എന്റെ പരിഭവം?



**ഷാനു.ഇ.ടി**

ബി.എസ്സി. ഊർജ്ജതന്ത്രം, രണ്ടാം വർഷം

# വെറുതെ..

നന്നേ ചെറുപ്പം, അച്ഛന്റെയും അമ്മയുടെയും വിരൽതുമ്പ് വിട്ടാൽ വീഴുന്ന കാലം. നമ്മുടെ സ്വർഗ്ഗജീവിതം അവിടെ തുടങ്ങുകയാണ്. നാം ചെയ്ത പാപങ്ങൾ കഴുകികളഞ്ഞ് സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യ ജീവനിലേക്ക് വന്നു ചേർന്ന കാലം. കാറ്റും മഴയും വെയിലും എല്ലാം ആസ്വദിച്ച കാലം. ഇപ്പോൾ നമ്മുടെ ഓരോരുത്തരുടേയും ചിന്തകളും ഇച്ഛാശക്തികളും മാറി മറഞ്ഞു. ജീവിതം എന്താണെന്ന് അവനു മനസ്സിലായി എന്നു മറ്റുളളവർക്ക് തോന്നുന്ന കാലം പക്ഷേ എന്താണ് ജീവിതം എന്ന് നാം തേടി നടക്കുകയാണ്. ഒരുപക്ഷേ മനസ്സിലുള്ളവ പറയാൻ ഈ താളുകൾ തികഞ്ഞില്ലാ എന്നു വരാം. എങ്ങിനെ തുടങ്ങണം എന്ന് എനിക്ക് അറിയില്ല. എങ്കിലും ഞാൻ ഒന്നു ചോദിക്കട്ടെ. "നിങ്ങൾ പ്രണയിച്ചിട്ടുണ്ടോ?

ആ... അതിന്റെ മുഖവുരയുടെ നീളം കണ്ടപ്പോൾ എനിക്ക് മനസ്സിലായടാ അവസാനം നീ അവിടെയേ നിർത്തൂ. ചോദിച്ച സ്ഥിതിക്ക് പറയാം.തീർച്ചയായും ഉണ്ട്. അതിന് നിനക്ക് ഇപ്പോ എന്താ വേണ്ടത്?

ഒന്നുമില്ല! എത്ര സുന്ദരമായ ഒരു അനുഭൂതിയാണ് പ്രണയം.

അയ്യോ... നീ ഒന്ന് മിണ്ടാതിരുന്നേടാ ചെക്കാ, അവളു വരാറായി. ഞാൻ പോട്ടെ നീയിവിടെ ഇരുന്ന് ആലോചിക്ക് ഞാൻ പോയി രണ്ട് സ്കിൽ ഇറക്കിയിട്ട് ഇപ്പവരാം.

അങ്ങനെ അവന്റെ കാര്യം തീരുമാനമായി.അവൻ പ്രണയിക്കാൻ തുടങ്ങിയിരിക്കുന്നു. ഇപ്പോൾ അവന് ഒന്നിന്റേയും വിലയോ ഗൗരവമോ അറിയില്ല അറിഞ്ഞാൽതന്നെയും അവൻ വകവെക്കില്ല. പ്രായം അതാണ് മുറിച്ചിട്ടാൽ മുറികൂടും പിന്നെയും എഴുന്നേറ്റ് നിൽക്കും.

ഒരിക്കൽ ഞാനും ഇതുപോലെ കാത്തുനിന്നിരുന്നു. സമയമോ കാലമോ നോക്കാതെ തുടക്കത്തിൽ ഞാൻ പറഞ്ഞില്ലേ സ്വർഗ്ഗത്തെക്കുറിച്ച് ആ സ്വർഗ്ഗം അതിനു മുൻപിൽ ഒന്നും അല്ല എന്ന് എനിക്ക് തോന്നിയിരുന്നു. സ്വർഗ്ഗം ഭൂമിയിലാക്കി ഞാൻ ആസ്വദിച്ച എന്റെ പ്രണയകാലം, എത്ര സുന്ദരമായിരുന്നു അത് എന്നോ...? ആലോചിക്കുമ്പോൾ ആ കാലം തിരിച്ച് കിട്ടിയിരുന്നെങ്കിൽ എന്ന് ഞാൻ മനസ്സാൽ ആഗ്രഹിക്കുകയാണ്. എന്തിനാണ് ഞാൻ അധികം പറയുന്നത് നിങ്ങൾ അനുഭവിക്കുന്നതല്ലേ.

ഇഷ്ടമുണ്ടായിട്ടല്ല ഒരു അട്രാക്ഷൻ എന്നുപറയാം. കാണുമ്പോൾ സംസാരിക്കുമ്പോൾ എന്തോ ഒന്ന് അത്ര മാത്രം. കാലത്തിന്റെ പുരോഗമനവും നാവിന്റെ മിടുക്കും കൊണ്ട് അന്ന് എന്നെ ബി.എസ്.എൻ.എൽ കാരും സഹായിച്ചു. അതിനുമുമ്പും ഒരു പാട് സ്കിൽ ഇറക്കിയിട്ടുണ്ടായിരുന്നു. എല്ലാം ചീറ്റിപ്പോയി എന്നു വിചാരിച്ചു നിൽക്കുമ്പോഴാണു നമ്പർ തരോ? എന്ന ചോദ്യം ഉയരു

ന്നത് അതും അപ്പുറത്തെ ഭാഗത്തുനിന്നും. എന്റെ ശിവനെ... എന്താ ഞാൻ ഈ കേൾക്കുന്നത്. മറിച്ച് ഒന്നും ചിന്തിച്ചില്ല. നമ്പർ കൊടുത്തു. വിളിക്കും എന്ന് ഞാൻ കരുതിയില്ല. പക്ഷേ ഒരു ദിവസം അവിടനിന്നു ചെറിയ അനക്കം പിന്നാലെ വിളിയും, അന്നുമുതൽ ഞാൻ ആ ശബ്ദത്തെ അറിഞ്ഞു തുടങ്ങി. ആദ്യം എനിക്ക് അത് വെറും ഫോൺ കോളുകൾ മാത്രമായിരുന്നു. പിന്നീടാണ് ഞാൻ മനസ്സിലാക്കുന്നത് അവൾ എന്നോട് അടുക്കാൻ ആഗ്രഹിക്കുന്നു എന്നത്. ആയിക്കോട്ടെ അതിന് നമുക്ക് എന്താ എന്നായിരുന്നു എന്റെ ഭാഗം. പക്ഷേ പിന്നീടുള്ള താളുകൾ ആ ശബ്ദത്തിന്റെ ഉടമയെ എന്നെക്കാൾ ഏറെ ഞാൻ സ്നേഹിച്ചുപോയി. അത് വേണ്ടായിരുന്നു എന്നുതോന്നുന്ന നാൾ വരും എന്ന് ഞാൻ ഊഹിച്ചിരുന്നില്ല.

ചെറുപ്പംമുതൽ സ്വപ്നംകണ്ടുനടന്ന എന്റെ ലക്ഷ്യം ഞാൻ ആഗ്രഹിച്ച ജോലി അത് കൈയ്യിൽ വന്നിട്ടും ഞാൻ പോയില്ല. അപ്പോൾ എന്റെ കണ്ണിൽ ചെറുപ്പം മുതൽ സ്നേഹിച്ച 'ലക്ഷ്യം' ഇല്ലായിരുന്നു എന്നതാണ് സത്യം എന്നെ പഠിപ്പിക്കുന്ന അച്ഛനോടും അമ്മയോടും ഞാൻ ചെയ്ത ഒരു ചതിയായിരുന്നു. അത് അതിലെനിക്ക് കുറ്റബോധവും തോന്നുന്നു. എന്തിന് അവളെ ഇത്രസ്നേഹിച്ചു എന്ന ചോദ്യത്തിന് എന്റെ കയ്യിൽ ഉത്തരം ഇല്ല. ഇപ്പോൾ പിരിഞ്ഞേ തീരൂ. വൈകാതെ അതു സംഭവിക്കും. കുറച്ച് വേദനയോടെ ആണെങ്കിലും ഒന്നും വേണ്ടായിരുന്നു എന്ന് എനിക്ക് തോന്നുകയാണ്. രണ്ടുപേർക്കും ഈ കാലം പ്രായത്തിന്റെ വികൃതികളായി മറക്കാൻ സാധിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. സ്വന്തം കാര്യത്തിൽ മാത്രം ചിന്തിക്കുന്ന നമ്മുടെയിടയിൽ ഇതുപോലെ എന്തെല്ലാം സംഭവിക്കുന്നു.

ആ... അവൻ വരുന്നുണ്ടല്ലോ

എന്തായടാ പോയിട്ട് കണ്ടോ?

ഓ, കണ്ടു, ഞാൻ കണ്ടു പക്ഷേ അവളു കണ്ടില്ല

അതെന്താടാ കാണാത്തത്

അതെ! എന്താ അവളു എന്നെ കാണാഞ്ഞത്?

ഞാൻ പോയി ചോദിച്ചിട്ട് വരാം

ആയിക്കോട്ടെ പോയി ചോദിച്ചിട്ട് വായോ.

എന്താ പോണില്ലേ?

ഇല്ല പോണില്ല അവളെ കണ്ടാൽ എനിക്ക് സംസാരിക്കാൻ പറ്റില്ലടാ. എങ്കിലും ഞാൻ പോയി ഒരു കൈ നോക്കിയിട്ട് വരാം നമ്മൾ ആൺപിള്ളേരല്ലേടാ...

അതെ നാം ആൺകുട്ടികൾ തന്നെ. പാരമ്പര്യസ്വത്തോ അച്ഛന്റെ പണമോ അല്ല നമുക്ക് വേണ്ടത് സ്വന്തമായ ഒരു ഐഡന്റിറ്റിയാണ്. അവൻ വൈകാതെ അത് അറിയും അന്ന് അവൻ ഈ പോയ നാളുകൾ നോക്കി പറയും വേണ്ടായിരുന്നു.

കാലത്തിന് ഉണക്കാൻ കഴിയുന്ന മുറിവുകളുടെ കൂട്ടത്തിൽ ഇതും പ്രണയികളെ, ജീവിതം ഇനിയും തുടരുകയാണ്. അതുകൊണ്ടുതന്നെ നഷ്ടസ്വർഗ്ഗങ്ങളെ മറക്കാം, പഠനം ജീവിതവ്രതമാക്കാം. ലക്ഷ്യം മാർഗ്ഗദർസിയാകട്ടെ. പിന്നെ, പ്രണയം കാലത്തിനുണക്കാൻ കഴിയാത്ത മുറിവുകളുടെ കൂട്ടത്തിൽ അതൊരു മധുരനൊമ്പരമായി അവശേഷിക്കട്ടെ.

സ്നേഹപൂർവ്വം
ഷാനു.

ണോ

ച്ചിട്ട്

ടോൽ
ിലും
ലരാം.

ന്നെ.
അല്ല
ധന്റി
ിയും
ാക്കി

യുന്ന
ന്നയി
ാണ്.
ങ്ങളെ
ഹാം.
ന്നെ,
ാത്ത
ാരു
.

്യും
ു.



